184/2012
30-04-2012

# ഇടയലേഖനം-118

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരേ,**

പുതിയ മതബോധനവർഷവും ആദ്ധ്യായനവർഷവും ആരംഭിക്കുകയാണല്ലോ. ഈ അവസരത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് ആദ്യമായി സ്കൂളുകളിൽ ചേരുന്ന കുട്ടികൾക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നന്മകളും നേരുന്നു. കുട്ടികൾക്ക് നല്ല വിശ്വാസപരിശീലനവും വിദ്യാഭ്യാസവും ഉറപ്പാക്കുന്ന കാര്യത്തിൽ നമ്മൾ, പ്രത്യേകിച്ച് മാതാപിതാക്കൾ അതീവശ്രദ്ധ കാണിക്കാറുണ്ട്. അത് തികച്ചും ഉചിതമാണ്. മക്കളെക്കുറിച്ചു സഭാമാതാവിനും മാതാപിതാക്കന്മാർക്കുമുള്ള വ്യഗ്രതകൾ പങ്കിട്ടുകൊണ്ട്, ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ ഏതാനും കാര്യങ്ങൾ ധരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവർക്ക് ഒരു ഇടയലേഖനം എഴുതുമെന്നു നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ.

പ്രിയ കുട്ടികളെ, നിങ്ങൾ ഞങ്ങൾക്കെല്ലാവർക്കും വിലപ്പെട്ടവരാണ്. നിങ്ങളുടെ മാതാപിതാക്കന്മാർ നിങ്ങൾക്കുവേണ്ടിയാണ് പ്രധാനമായും അദ്ധ്വാനിക്കുന്നത്. നിങ്ങളെ സ്നേഹിക്കുന്ന ബന്ധുക്കളും സുഹൃത്തുക്കളും നിങ്ങൾക്കുണ്ട്. അദ്ധ്യാപകർക്ക് നിങ്ങൾ പ്രധാനപ്പെട്ടവരാണ്. നമ്മുടെ രൂപതയും ഞാനും വലിയ പ്രതീക്ഷകളോടെയാണ് നിങ്ങളുടെ വളർച്ചയെ ഉറ്റുനോക്കുന്നത്. ഏറ്റവും പ്രധാനമായി, നമ്മുടെ കർത്താവിന് പ്രിയപ്പെട്ടവരാണ് നിങ്ങൾ. ഈശോ സുവിശേഷത്തിൽ പറയുന്നത് നിങ്ങൾ വായിച്ചുകേട്ടിട്ടുണ്ടാകണം, കുട്ടികൾ എന്റെ അടുത്ത് വരട്ടെ, അവരെ തടയരുത് (മത്താ. 19: 14).

മാതാപിതാക്കന്മാരിലൂടെ ജന്മംതന്ന് ഒരു പ്രത്യേക സമയത്തും സ്ഥലത്തും ജീവിക്കാൻ കർത്താവ് നിങ്ങളെ അനുവദിച്ചു. അതുവഴിയാ





യി നിങ്ങൾ ഓരോരുത്തരിലും ഒരു പദ്ധതിക്ക് അവിടുന്നു തുടക്കം കുറിച്ചിട്ടുണ്ട്. നിങ്ങളുടെ നന്മക്കും ക്ഷേമത്തിനുമുള്ള പദ്ധതിയാണത് (ജറ. 29: 11). കർത്താവ് നിങ്ങളിൽ ആരംഭിച്ചത് അവിടുന്നുതന്നെ പൂർത്തിയാക്കും. പക്ഷേ നാമെല്ലാവരും കർത്താവിന്റെ പദ്ധതിയോട് സഹകരിക്കണം എന്നു മാത്രം. കഴിഞ്ഞ മാസം രൂപതാ തലത്തിൽ നടത്തപ്പെട്ട ജീവിതദർശന ക്യാമ്പിൽ സംബന്ധിച്ച കുട്ടികളോടു ഇക്കാര്യം ഞാൻ സൂചിപ്പിക്കുകയുണ്ടായി. എല്ലാ ഫൊറോനകളിലുമുള്ള കുട്ടികൾക്കു വേണ്ടി ജീവിതദർശന ക്യാമ്പുകൾ സംഘടിപ്പിച്ച നമ്മുടെ മതബോധന കേന്ദ്രത്തെയും അവരോടു സഹകരിച്ച വികാരിയച്ചൻമാരെയും ക്ലാസുകൾക്ക് നേതൃത്വം നല്കിയവരെയും അതുപോലെ കുട്ടികൾക്കുവേണ്ടി ധ്യാനങ്ങൾ സംഘടിപ്പിച്ച ക്രിസ്റ്റീൻ ടീം അംഗങ്ങളെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ക്യാമ്പുകളും ധ്യാനങ്ങളും വളരെ ഫലപ്രദമായിരുന്നു എന്നാണ് വിലയിരുത്തപ്പെട്ടത്.

പ്രിയ കുട്ടികളേ, കർത്താവ് നിങ്ങളിൽ ആരംഭിച്ച നന്മയുടെ പദ്ധതി വിജയിക്കാൻ നിങ്ങൾ കർത്താവിൽ വിശ്വസിക്കണം. നിന്റെ യൗവ്വനത്തിൽത്തന്നെ കർത്താവിനെ സ്മരിക്കുക (സഭാപ്രസ. 12: 1) എന്നാണ് തിരുവചനം പഠിപ്പിക്കുന്നത്. ഞാൻ ദൈവവിശ്വാസിയല്ല എന്നു പറയുന്നത് അഭിമാനവിഷയമായി കണ്ടിരുന്ന ചെറുപ്പക്കാർ ഒരുകാലത്തുണ്ടായിരുന്നു. ഇപ്പോൾ അവരുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. ഞാനൊരു ക്രിസ്ത്യാനിയാണ്; ഞാൻ ഈശോയിൽ വിശ്വസിക്കുന്നു, വിശ്വാസികളുടെ കൂട്ടായ്മയായ സഭയിലും വിശ്വസിക്കുന്നു എന്ന് പറയുന്നതിൽ നിങ്ങൾ അഭിമാനിക്കണം. വിശുദ്ധരായിത്തീരുക എന്നതായിരിക്കണം നിങ്ങളുടെ ആത്യന്തിക ജിവിത ലക്ഷ്യം. നിങ്ങൾ ഭാവിയിൽ തെരഞ്ഞെടുക്കാൻ പോകുന്ന ജീവിതാവസ്ഥയും തൊഴിലും എന്തുമായിക്കൊള്ളട്ടെ, സുവിശേഷം അനുസരിച്ച് ജീവിച്ച് വിശുദ്ധരാകുക എന്നതായിരിക്കണം നിങ്ങളുടെ ലക്ഷ്യം.

വിശുദ്ധൻ എന്നൊക്കെ കേൾക്കുമ്പോൾ സങ്കടപ്പെട്ടുനടക്കുന്ന പാവംപിടിച്ച ഒരു മിണ്ടാപ്രാണി എന്നൊന്നും ചിന്തിച്ചു പോകരുത്. കർത്താവിൽ സന്തോഷിച്ച് ജീവിച്ചവരാണ് വിശുദ്ധർ. നിങ്ങൾക്കറിയാമോ, വിശുദ്ധരുടെ പട്ടികയിൽ അനേകം മിടുമിടുക്കന്മാരും പ്രതിഭാശാലി കളും സുന്ദരികളും കഴിവുറ്റവരുമുണ്ട്. ഒന്നിനും കൊള്ളാത്തവരായിരു ന്നില്ല അവർ. ലോകദൃഷ്ടിയിൽത്തന്നെ ഒന്നാംനിരക്കാരായ വിശുദ്ധരെക്കുറിച്ച് അറിയാൻ നിങ്ങൾക്ക് താത്പര്യം തോന്നുന്നുവെങ്കിൽ നിങ്ങളുടെ മതാദ്ധ്യാപകരോട് നിങ്ങൾ ചോദിക്കുക. അവർ പറഞ്ഞുതരും. അതുപോലെതന്നെ നിങ്ങളുടെ മാമ്മോദീസ്സാപേരിന് കാരണഭൂതരായ വിശുദ്ധരെപ്പറ്റി

കൂടുതൽ പഠിക്കുകയും അവരുടെ മാദ്ധ്യസ്ഥം തേടുകയും വേണം.വിശുദ്ധരായിത്തീരണം എന്നു പറഞ്ഞതുകൊണ്ട് ജീവിതത്തെക്കുറിച്ചുള്ള നിങ്ങളുടെ നല്ല സ്വപ്നങ്ങൾ ദൂരെക്കളയണം എന്നല്ല അർത്ഥം. നിങ്ങളുടെ എല്ലാ സ്വപ്നങ്ങൾക്കും മുകളിലായി സുവിശേഷം അനുസരിച്ച് ജീവിക്കാനുള്ള ആഗ്രഹം ഉണ്ടാകണം എന്നാണ് പറഞ്ഞുവരുന്നത്.

കർത്താവിന്റെ പദ്ധതി നിങ്ങളിൽ വിജയിക്കാൻ അവിടുത്തെ സ്വരം നിങ്ങൾ കേട്ടുകൊണ്ടിരിക്കണം. അവിടുന്ന് പലപ്രകാരത്തിൽ നിങ്ങളോട് സംസാരിക്കുന്നുണ്ട്. തിരുവചനം അവയിൽ ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗമാണ്. അതുകൊണ്ട് മുതിർന്ന കുട്ടികളെല്ലാവരും എല്ലാ ദിവസവും കുറച്ചു സമയം ബൈബിൾ വായിക്കണം. പഠിക്കാൻ സമയം കണ്ടെത്തുന്നതുപോലെ, ബൈബിൾ വായിക്കാനും കുറച്ചുസമയം മാറ്റിവക്കണം. നിങ്ങൾ അതൊരു ശീലമാക്കണം. മാതാപിതാക്കമാരിലൂടെയും ഗുരുക്കന്മാരിലൂടെയും വികാരിയച്ചന്മാരിലൂടെയും കർത്താവ് നിങ്ങളോട് സംസാരിക്കുന്നുണ്ട്. കർത്താവിൽ നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ എന്നാണ് വി. പൗലോസ് കുട്ടികളോട് പറയുന്നത് (എഫേ. 6:1). അത് കർത്താവിന് പ്രീതികരമാണെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു (കൊളോ. 3: 20).അപ്പന്റെ കല്പനകളും അമ്മയുടെ പ്രബോധനങ്ങളും പാലിക്കണമെന്ന് സുഭാഷിതങ്ങളുടെ പുസ്തകം നിങ്ങളോട് പറയുന്നു (6: 20). മാതാപിതാക്കന്മാരെ ധിക്കരിക്കുന്നതും അവഗണിക്കുന്നതും മിടുക്കാണെന്ന് നിങ്ങൾ കരുതരുത്. ദൈവാനുഗ്രഹവും സംസ്കാരവും വിവരവുമുള്ള കുട്ടികൾ അങ്ങനെ ചെയ്യുകയില്ല. നിങ്ങളുടെ മാതാപിതാക്കന്മാരെ ഒരിക്കലും സങ്കടപ്പെടുത്തുകയില്ല എന്ന തീരുമാനം നിങ്ങൾ എടുക്കണം. അവർക്കുവേണ്ടി ചെയ്യാവുന്ന ഏറ്റവും വലിയ കാര്യം അവരെ ബഹുമാനിച്ച് അനുസരിക്കുകയും അവർക്കുവേണ്ടി പ്രാത്ഥിക്കുകയുമാണ്. മക്കളെപ്രതി കരയേണ്ടിവരുന്ന മാതാപിതാക്കളുണ്ട്. പ്രിയപ്പെട്ട കുട്ടികളെ, നിങ്ങൾമൂലം നിങ്ങളുടെ അപ്പനുമമ്മയും വിഷമിക്കാൻ ഇടവരരുത്.

ചിലപ്പോൾ നല്ല പ്രചോദനങ്ങളിലൂടെ കർത്താവ് നിങ്ങളെക്കുറിച്ചുള്ള പദ്ധതി വെളിപ്പെടുത്തും. ഉറക്കത്തിൽ ആരോ തന്നെ വിളിക്കുന്നതായി ബാലനായ സാമുവലിന് തോന്നി. അവന്റെ ഗുരുവായ ഏലി ഉപദേശിച്ചു, ഇനി വിളിച്ചാൽ പറയണം, കർത്താവേ സംസാരിച്ചാലും നിന്റെ ദാസൻ കേൾക്കുന്നു (1സാമു. 3: 1-10). ഈ സ്വപ്നത്തെ പിൻചെന്നപ്പോഴാണ് ബാലനായ സാമുവൽ പ്രവാചകനായി തീർന്നത്. ഒൻപതാം വയസ്സിൽ തനിക്കുണ്ടായ ഒരു സ്വപ്നത്തെ





ഗൗരവമായിട്ടെടുത്ത് അതിനനുസരിച്ചു പ്രവർത്തിച്ചതിന്റെ ഫലമാണ് ഡോൺ ബോസ്കോ എന്ന യുവജനപ്രേഷിതനായ വിശുദ്ധൻ. അതുകൊണ്ട് പ്രിയപ്പെട്ട കുട്ടികളെ, നിങ്ങളുടെ മനസ്സിൽ തട്ടിയ ഒരു ഉദാഹരണത്തെയും മാതൃകയെയും ധ്യാനചിന്തയെയും ഉൾക്കാഴ്ച്ചയെയും നിങ്ങൾ വിട്ടുകളയരുത്. അതിനെ പിൻതുടരണം; അതിനെ മുൻനിറുത്തി പ്രാർത്ഥിക്കണം. ചിലപ്പോൾ അത് നിങ്ങളുടെ ജീവിതത്തെ മാറ്റിമറി ച്ചേക്കാം.

നിങ്ങളെക്കുറിച്ചുള്ള കർത്താവിന്റെ പദ്ധതിയിൽ നിങ്ങളുടെ ഭാവി ജീവിതാവസ്ഥയും ഉൾപ്പെടുന്നുണ്ട്. അതുകൊണ്ട് നിങ്ങളുടെ ദൈവവിളി നിങ്ങൾ കണ്ടെത്തണം. സഭക്കും സമുഹത്തിനും നല്ല വൈദികരെയും നല്ല സന്യസ്തരെയും നല്ല അത്മായരെയും ആവശ്യമുണ്ട്. നിങ്ങളുടെ ശരിയായ ദൈവവിളി കണ്ടെത്താൻ നിങ്ങൾ പ്രാർത്ഥിക്കണം.

നിങ്ങളുടെ സമഗ്രമായ വളർച്ചയാണ് കർത്താവ് നിങ്ങളിൽനിന്ന് ആഗ്രഹിക്കുന്നത്. ബാലനായിരുന്ന ഈശോയുടെ വളർച്ചയുടെ ശൈലി നിങ്ങളെ പ്രചോദിപ്പിക്കണം. "ഈശോ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യന്റെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52). ഇതിന്റെ ഭാഗമായി നിങ്ങൾ നന്നായി പഠിക്കണം. മതബോധനക്ലാസ്സുകളിലൂടെ വിശ്വാസത്തെക്കുറിച്ച് പഠിക്കണം, ഈശോയെ അറിയണം. പഠനത്തോടൊപ്പം ജോലികളിലും നിങ്ങൾക്ക് താത്പര്യമുണ്ടാകണം.നിങ്ങളുടെ വീട്ടിൽ നിങ്ങൾ വിരുന്നുകാരല്ല; അംഗങ്ങളാണ്.അതുകൊണ്ട് വീട്ടിലെ ജോലികളിൽ പങ്കുചേരണം. ടെലവിഷൻ കാണാം; പക്ഷേ അതിന് സമയപരിധി വേണം. കുടുംബപ്രാർത്ഥനയിൽ നന്നായി പങ്കുചേരണം. എല്ലാവരോടും വിനയത്തോടെ പെരുമാറണം. ദൈവം അഹങ്കാരികളെ എതിർക്കുകയും വിനയമുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു (1 പത്രോ. 5: 5). അഹങ്കാരികളെ ആരും ഇഷ്ടപ്പെടുകയില്ല എന്നും നിങ്ങൾ അറിയണം.

ലൈംഗികത മനുഷ്യന്റെ ശക്തമായ വികാരങ്ങളിലൊന്നാണ്. അത് ദൈവദാനമാണ്. ലൈംഗികതയുടെ ദുരുപയോഗമാണ് അശ്ലീലം. ഇന്റർനെറ്റും മൊബൈൽ ഫോണും അശ്ലീല കാര്യങ്ങൾ പ്രചരിക്കുന്നതിൽ മുൻ പന്തിയിലാണ്. അശ്ലീലമായവ കണ്ടും കേട്ടും നശിക്കുന്ന കുട്ടികളുടെ എണ്ണം കൂടിവരുകയാണ്. പ്രിയ കുട്ടികളേ, ദൈവം നിങ്ങൾക്കുതന്ന ജീവിതം നിങ്ങൾ നശിപ്പിക്കരുത്. നിങ്ങളെ നാശത്തിലേക്കു നയിക്കുന്ന മറ്റു പ്രധാന ദുശ്ശീലങ്ങളാണ് പുകവലി, മദ്യപാനം, മയക്കുമരുന്നുകളുടെയും പാൻമസാലയുടെയും മറ്റു ലഹരി

വസ്തുക്കളുടെയും ഉപയോഗം. മേൽപ്പറഞ്ഞ ദുശ്ശീലങ്ങളിൽ ഉൾപ്പെടാതിരിക്കാൻ നിങ്ങൾ ബോധപൂർവ്വം ശ്രദ്ധിക്കണം. അവ നിങ്ങളെ വൈകാരികമായും സാമ്പത്തികമായും ശാരീരികമായും ധാർമ്മികമായും അതിലുപരി ആത്മീകമായും തളർത്തുമെന്നും തകർക്കുമെന്നും നിങ്ങൾ മനസ്സിലാക്കണം. പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കാനുള്ള ദൈവകൃപയ്ക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യണം.

കർത്താവിന് നിങ്ങളെക്കുറിച്ചുള്ള പദ്ധതിയിൽ നിങ്ങൾ മാത്രമല്ല ഉള്ളത്, അതിൽ മറ്റുള്ളവരും ഉൾപ്പെടുന്നുണ്ട്. സഭയിലെയും സമൂഹത്തിലെയും അംഗങ്ങൾ എന്ന നിലയിൽ കൂട്ടായ്മയുടെ അരൂപി നിലനിർത്തണം; കൂട്ടായ ശ്രമങ്ങൾ നടത്തണം. ഇടവകയിൽ നിങ്ങളുടെ പ്രായത്തിനനുസരിച്ചുള്ള ഏതെങ്കിലും സംഘടനകളിൽ കുട്ടികളായ നിങ്ങൾ അംഗങ്ങളാകണം. നമ്മുടെ ഓരോ ഇടവകയിലെയും കുട്ടികൾ ഒന്നുചേർന്നു ഒന്നുരണ്ടു മാസങ്ങൾക്കുള്ളിൽ മാതൃകാപരമായ എന്തെങ്കിലും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പൊതുസ്ഥലങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയൊ, പള്ളിമുറ്റത്ത് പൂന്തോട്ടമുണ്ടാക്കുകയൊ നിർധന രോഗികൾക്ക് എന്തെങ്കിലും സഹായം ചെയ്യുകയൊ രക്തദാനഗ്രൂപ്പ് രൂപീകരിക്കുകയൊ പരിസരശുചീകരണം നടത്തുകയൊ എന്തുമാകാം. ഇക്കാര്യത്തിൽ നിങ്ങളുടെ വികാരിയച്ചന്റെ നിർദ്ദേശവും സഹായവും സ്വീകരിക്കണം.

നിങ്ങളെക്കുറിച്ചുള്ള കർത്താവിന്റെ പദ്ധതിയെക്കുറിച്ച് പറയുമ്പോൾ അപ്പന്റെ മദ്യപാനം മൂലവും വീട്ടിലെ ദുരിതങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളും മൂലവും വിഷമിക്കുന്നവർ ചോദിച്ചെന്നുവരാം: ഇതാണോ ദൈവത്തിന് എന്നെക്കുറിച്ചുള്ള പദ്ധതി? എന്തുകൊണ്ട് എനിക്കു കഴിവുകൾ കുറഞ്ഞുപോയി എന്നെല്ലാം. ശരിയാണ്, ഇത്തരം കഷ്ടാനുഭവങ്ങളിലൂടെ കടന്നുപോകുന്ന കുഞ്ഞുങ്ങളുണ്ട്. ഈ ദുരിതങ്ങൾക്കിടയിലും കർത്താവ് നിങ്ങളുടെ നന്മക്കുവേണ്ടിയുള്ള പദ്ധതി ഒരുക്കുന്നുണ്ട്. അവിടുന്നിൽ വിശ്വസിച്ചും കഠിനമായി അദ്ധ്വാനിച്ചും എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തിയും നിങ്ങൾ മുന്നേറണം എന്നാണവിടുത്തെ ആഗ്രഹം. അതേസമയം, മെച്ചപ്പെട്ട സാഹചര്യങ്ങളിലുള്ള കുട്ടികളുമായി സ്വയം താരതമ്യപ്പെടുത്തി നിങ്ങൾ നിരാശപ്പെടുകയുമരുത്. പ്രതികൂല സാഹചര്യങ്ങളെ സ്വന്തം പരിശ്രമത്താൽ മറികടന്ന പലരെക്കുറിച്ചും നിങ്ങൾ കേട്ടിട്ടുണ്ടാവും. കേരളത്തിൽനിന്നുതന്നെയുള്ള അത്തരം എത്രയൊ ചെറുപ്പക്കാരുടെ കഥകളാണ് നിങ്ങൾ പത്രങ്ങളിൽ വായിക്കുന്നത്. ചൈനീസ് ഭാഷയിൽ പടങ്ങൾ വരച്ചാണ് ആശയം വ്യക്തമാക്കുന്നത്. അനുഗ്രഹം





അർത്ഥമാക്കുന്ന പടമുണ്ട്. അപകടം വ്യക്തമാക്കുന്ന പടവുമുണ്ട്. ഈ രണ്ടു പടങ്ങളുമൊരുമിച്ചു വന്നാൽ അർത്ഥം പ്രതിസന്ധിയെന്നാണ്. പ്രതിസന്ധിയെ നാം കൈകാര്യം ചെയ്യുന്ന വിധത്തിനനുസരിച്ച് അത് നമ്മുക്ക് അപകടത്തിനൊ അനുഗ്രഹത്തിനൊ കാരണമാകാം. വ്യക്തമായ ദിശാബോധവും നിശ്ചയദാർഢ്യവും പ്രതിബദ്ധതയും ആത്മവിശ്വാസവും ദൈവവിശ്വാസവും ഉള്ളവർക്ക് എല്ലാ പ്രതികൂല സാഹചര്യങ്ങളെയും തരണം ചെയ്ത് വിജയം വരിക്കാൻ സാധിക്കും.

കുട്ടികളെ വളർത്തിയെടുക്കുന്നതിൽ മാതാപിതാക്കളുടെ പങ്കിനെപ്പറ്റി കഴിഞ്ഞ ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഞാൻ എഴുതിയിരുന്നു. പ്രിയപ്പെട്ട മാതാപിതാക്കന്മാരെ, നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളുടേതല്ല. അവർ കർത്താവിന്റേതാണ്. "കർത്താവിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനവും" എന്നാണല്ലോ സങ്കീർത്തകൻ നമ്മെ അനുസ്മരിപ്പിക്കുന്നത് (127:3). കുട്ടികളെക്കുറിച്ചുമുള്ള കർത്താവിന്റെ പദ്ധതി നിറവേറാൻ നിങ്ങൾ അവരൊടൊപ്പം നില്ക്കണം. നിങ്ങളുടെ സന്മാതൃക വഴി അവരെ പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യണം. സർവ്വോപരി അവർക്കു വേണ്ടി പ്രാർത്ഥിക്കണം.

പ്രിയപ്പെട്ട കുട്ടികളെ, ബാലനായ ഈശോ നിങ്ങളെ അനുഗ്രഹിക്കട്ടെ; കുട്ടികളുടെ മദ്ധ്യസ്ഥയായ വി. മരിയ ഗൊരേത്തിയും വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥനായ വി. അലോഷ്യസ് ഗൊൺസാഗയും നമ്മുടെ സ്വന്തമായ വിശുദ്ധ അൽഫോൻസായും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ. ഈശോയെ വളർത്തിവലുതാക്കിയ പരിശുദ്ധ കന്യാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും സംരക്ഷണത്തിനായി നിങ്ങളെ ഓരോരുത്തരേയും ഞാൻ സമർപ്പിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ ഇടയലേഖനം **മെയ് 20-ാം** തിയ്യതിയോ **27-ാം** തിയ്യതിയോ ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# അല്മായ പ്രേഷിതത്വം

**മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരങ്ങളേ,**

നവസുവിശേഷവത്ക്കരണത്തിനായി പരിശ്രമിക്കുന്ന സഭാമാതാവിനെ സംബന്ധിച്ചിടത്തോളം സങ്കീർണ്ണവും ലൗകായി കത്വവും നിറഞ്ഞ ഭൗതീക മേഖലകളിൽ ദൈവവചന സാക്ഷികളായി, ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി മാറാൻ സാധിക്കുന്ന ധാരാളം അല്മായ പ്രേക്ഷിതരെ ആവശ്യമായിരിക്കുന്ന കാലഘട്ടമാണിത്. സമർപ്പിതർക്കോ പുരോഹിതർക്കോ കടന്നുചെന്നു പ്രവർത്തിക്കാൻ പരിമിതിയും പരിധിയുമുള്ള മേഖലകളിൽ സുവിശേഷ ദൗത്യം നിർവ്വഹിക്കാൻ സാധിക്കുന്നത് അല്മായർക്കാണല്ലോ. "ഭൗതീകലോകത്തിൽ വ്യാപരിക്കുമ്പോഴും ദൈവരാജ്യം അന്വേഷിക്കുകയും ദൈവികപദ്ധതിയനുസരിച്ച് ഭൗതീകകാര്യങ്ങളെ ക്രമീകരിക്കുകയും ചെയ്യാൻ അല്മായർ വിളിക്കപ്പെട്ടിരിക്കുന്നു" (LG No.31). "ലോകത്തിൽ ജീവിക്കുകയും എന്നാൽ ലോകത്തിന്റേതാകാതിരിക്കുകയും ചെയ്യുക" (യോഹ.17,16) എന്നുള്ളത് അല്മായരെ സംബന്ധിച്ചിടത്തോളം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്.

സഭയുടെ ആരംഭഘട്ടത്തിൽ ഒരേ കൂട്ടായ്മയിൽ നിന്ന് സാക്ഷ്യം നൽകാൻ അല്മായർക്കും പുരോഹിതർക്കും വേർതിരിവുകളില്ലായിരുന്നു. 4-ാം നൂറ്റാണ്ടിനു ശേഷം പ്രകടമായിത്തുടങ്ങിയ വേർതിരിവ് മധ്യയുഗങ്ങളിൽ അല്മായ സ്വാധീനത്താൽ വർദ്ധമാനമായി. മെത്രാൻമാരെയും മാർപാപ്പയെയും തിരഞ്ഞെടുക്കുന്ന ഉന്നതമായ ഉത്തരവാദിത്വങ്ങൾ വരെ (Lay Investiture) ഈ കാലഘട്ടത്തിൽ അല്മായർ വഹിച്ചിരുന്നു. എന്നാൽ 7-ാം ഗ്രിഗോറിയോസ് പാപ്പയുടെ കാലം മുതൽ തുടങ്ങിയ നവീകരണപ്രക്രിയയിലൂടെ കാനൻ രൂപീകരണത്തിലൂടെയും ഭൗതിക, ആദ്ധ്യാത്മിക അധികാര വേർതിരിവ് പ്രത്യക്ഷമായി. 13-ാം നൂറ്റാണ്ടുമുതൽ, ഇരുൾ നിറഞ്ഞ അല്മായ ചരിത്രമാണ് പ്രകടമാവുക. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ ഉദയത്തോടെ ഫ്രെഡറിക് ഓസനാമും സഹപ്രവർത്തകരും അല്മായ മുന്നേറ്റത്തിന് നൽകിയ തുടക്കം ഉച്ചസ്ഥായിയിലായത് രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടിയാണ്. അല്മായവിശ്വാസികളെക്കുറിച്ചുള്ള പ്രവർത്തനങ്ങൾ കൗൺസിലിന്റെ പ്രത്യേകതയാണ്. തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ ദൈവജനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന അദ്ധ്യായത്തിന് നൽകിയ മുൻഗണന ഏറ്റവും പ്രധാനപ്പെട്ട നവീകരണ സംഭവമായി Pax Romano യുടെ പ്രസിഡന്റ് റോമൻ ലെഗ്രാൻസ് വിലയിരുത്തുന്നു. ' 'ലൗകീക ലോകത്തെ നവീകരിക്കുക എന്നത് അല്മായരുടെ നിയതമായ ദൗത്യമായി ഏറ്റെടുക്കപ്പെടണം. സുവിശേഷവെളിച്ചത്തിൽ, സഭയുടെ മനസ്സോടുചേർന്നും, ക്രിസ്തീയ സ്നേഹത്താൽ പ്രേരിതരായും പ്രത്യക്ഷമായ രീതിയിലും പ്രത്യേകമായ തരത്തിലും പ്രവർത്തിച്ചാകണം നവീകരണം സാധിതമാക്കേണ്ടത് (AA.7) ഇപ്രകാരം സഭയുടെ മനസറിഞ്ഞ് ലോകത്തെ നവീകരിക്കാനുള്ള ശ്രമങ്ങൾ കേരള സഭയിലും വത്തിക്കാൻ സൂനഹദോസിനു മുമ്പേ ആരംഭിച്ചിരുന്നു. തദ്ദേശീയ മെത്രാൻമാരുടെ കാലത്താണ് കേരള അല്മായനേതൃത്വം, സഭാപ്രവർത്തനങ്ങളിൽ നിന്നും അകന്നത്. അതുവരെ ലത്തീൻ മേൽക്കോയ്മയിൽ പോലും സമുദായനേതാക്കൾ ശക്തമായി പ്രവർത്തിച്ചിരുന്നുവെന്ന് ചരിത്രം സാക്ഷ്യം വഹിക്കുന്നു.

കേരള കത്തോലിക്ക സമുദായത്തിൽ നിന്നും ഉയിർക്കൊണ്ട നക്ഷത്രശോഭയുള്ള മഹത്വ്യക്തിത്വങ്ങൾ കേരള രാഷ്ട്രീയ, സാംസ്ക്കാരിക, സാഹിത്യസദസുകളിൽ വിളങ്ങിയിട്ടുണ്ട്. യുഗപ്രഭാവനായ രാജശ്രീ ഷെവലിയർ തരിയത് കുഞ്ഞിത്തൊമ്മനെപ്പോലെയുള്ളവർ സാരഥ്യം വഹിച്ചിട്ടുള്ള കത്തോലിക്കാ കോൺഗ്രസിലൂടെയാണ്, കേരളസഭയിലെ അല്മായ മുന്നേറ്റം ശക്തിപ്രാപിക്കുന്നത്. സുറിയാനി ക്രിസ്ത്യാനികളുടെ ഐക്യത്തിനു വേണ്ടി 1882 ൽ നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ ജാത്യൈക സംഘവും, 1905 ൽ കത്തോലിക്കാ ക്രിസ്തീയ മഹാജനസഭയും, 1918 ൽ മാന്നാനത്തു ചേർന്ന സമ്മേളനത്തിൽ വച്ച് അഖിലകേരള കത്തോലിക്കാ മഹാജനസഭരൂപീകരിക്കപ്പെടുകയും, പിന്നീട് 1930 ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ് എന്ന് പേര് സ്വീകരിക്കുകയും ചെയ്തു. നമ്മുടെ സഭയിലെ അല്മായ പ്രമുഖരുടെ പ്രാർത്ഥനയുടെയും, കൂടിയാലോചനകളുടെയും പരിശ്രമത്തിന്റെയും ഇച്ഛാശക്തിയുടെയും ഫലമായിട്ടാണ് കത്തോലിക്ക കോൺഗ്രസ് എന്ന സമുദായ സംഘടന രൂപം കൊണ്ടത്.

തിരുവിതാംകൂർ രാഷ്ട്രീയ ചരിത്രത്തിൽ നിർണ്ണായകമായ പല സമരങ്ങൾക്കും നേതൃത്വം കൊടുത്തത് കത്തോലിക്കാ കോൺഗ്രസ് ആയിരുന്നു. നിധീകരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ രൂപംകൊണ്ട ജാതൈ്യക സംഘം സുറിയാനി ക്രിസ്ത്യാനികളുടെ ഐക്യം സാധ്യമാക്കി. ശ്രീ. തരിയതു കുഞ്ഞിത്തൊമ്മന്റെ നേതൃത്വത്തിൽ നടന്ന പൗരസമത്വവാദ സമരവും തുടങ്ങി. നിവർത്തന പ്രക്ഷോഭത്തിൽവരെ നിർണ്ണായക സ്വാധീനം ചെലുത്താൻ സമുദായ നേതൃത്വത്തിന് സാധിച്ചു. "ക്രിസ്ത്യൻ മെമ്മോറിയൽ" സമർപ്പിച്ചതിന്റെ പേരിൽ ദിവാന്റെ അപ്രീതിക്കു പാത്രീഭൂതരായ സമുദായ പ്രതിനിധികളെ, അവരുടെ ധീരതയെ നമുക്ക് മറക്കാനുവുമോ? സർ സി.പി.യുടെ വിദ്യാഭ്യാസ നയത്തിനെതിരെ ശക്തമായ സമരങ്ങൾക്ക് നേതൃത്വം നൽകിയ കത്തോലിക്കാ കോൺഗ്രസിനെ കാലഹരണപ്പെടുത്തിക്കളയാൻ സമുദായ സ്നേഹികൾക്കാവുമോ?

നമ്മുടെ പൂർവ്വികർ അനുഭവിച്ച പ്രതിസന്ധികൾ പുതിയ രൂപത്തിലും ഭാവത്തിലും ഈ തലമുറയിലും പ്രത്യക്ഷമാകുമ്പോൾ, സമുദായത്തിന്റെ കൂട്ടായ്മയും, ഐക്യവും ഊട്ടിയുറപ്പിക്കുന്ന, സമുദായത്തിന്റെ ശബ്ദമായി നിലകൊള്ളേണ്ട, ഒരു പ്രസ്ഥാനം പൂർവ്വികർ വളർത്തിവലുതാക്കി നൽകിയത് ഇതളുകൾ നശിപ്പിച്ച് മനോഹാരിതയും, ഇച്ഛാശക്തിയും നഷ്ടപ്പെടുത്തിയാൽ നമുക്കുവേണ്ടി ആരാണ് പ്രതികരിക്കുക? പുരോഗമന ചിന്തകൾ എന്ന ഭാവത്തിൽ സഭാവിരോധികളുടെ ചട്ടുകങ്ങളായി നമ്മുടെ ഇളം തലമുറ ചിതറിക്കപ്പെടാതിരിക്കാൻ, സഭാസ്നേഹത്തിലും സമുദായ ഐക്യത്തിലും അവരെ പരിശീലിപ്പിക്കാനും പ്രബുദ്ധരാക്കാനും തീക്ഷ്ണമതികളായ അല്മായർ മുന്നിട്ടിറങ്ങണം. കത്തോലിക്കാ കോൺഗ്രസിന് അപ്രകാരമൊരു മുന്നേറ്റത്തിൽ ധാരാളം പ്രവർത്തിക്കാനുമുണ്ട്. പൂർവ്വികർ പൈതൃകമായി നൽകിയ ഈ സമുദായ സംഘടനയെക്കുറിച്ച് ആഴത്തിൽ പഠിക്കാനും, ധീര നേതാക്കളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളിൽ അഭിമാനം പൂണ്ട്, സമുദായത്തിന്റെ മുഖ്യധാരയിലേയ്ക്ക് കത്തോലിക്കാ കോൺഗ്രസിനെ നയിക്കുന്നതിനും, തീക്ഷ്ണമതികളും, സമുദായ സ്നേഹികളുമായ അല്മായ വിശ്വാസികൾ ആത്മാർത്ഥതയോടെ മുന്നണിപ്പോരാളികളാകണം. ഇക്കാലങ്ങളിൽ തളിർത്തു കിട്ടുന്ന നമ്മുടെ സമുദായ സംഘടന ശക്തമാക്കണം. 2012 മെയ് അംഗത്വ സ്വീകരണമാസമായി ആചരിക്കുന്നു. ഈ കാലയളവിൽ സമുദായത്തോട് പ്രതിബദ്ധതയും, കൂറുമുള്ള എല്ലാ വിശ്വാസികളും ഈ സംഘടനയിൽ ചേർന്ന് പ്രവർത്തിക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.





നമ്മുടെ സമുദായത്തിലെ വനിതാവിഭാഗത്തെയും, സമുദായത്തിന്റെ മുൻനിരയിലേയ്ക്ക് വളർത്തുവാനും അവർ അനുഭവിക്കുന്ന അടിമത്തങ്ങളിൽ നിന്നും മോചനം നേടാനും സ്ത്രീകളെ സജീവമാക്കണം. വിവിധ പേരുകളിൽ ഓരോ രൂപതയിലും പ്രവർത്തിക്കുന്ന വനിതാ സംഘടനകളെ സമുദായത്തിന്റെ പൊതു നേതൃത്വത്തിലും നിയന്ത്രണത്തിലുമാക്കാൻ സീറോ മലബാർ സഭാസിനഡിന്റെ ശുപാർശയോടെ വനിതാ ഫോറം രൂപീകരിച്ച് പ്രവർത്തിക്കുന്നു. 2012 മാർച്ച് 14 ന് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന സംസ്ഥാന കമ്മറ്റിയിലെടുത്ത തീരുമാന പ്രകാരം, റീജണൽ സമ്മേളനങ്ങൾ നടത്തിയശേഷം, സംസ്ഥാനതല സമ്മേളനം നടത്തി നേതൃത്വത്തെ തിരഞ്ഞെടുക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. എല്ലാവരുടെയും സഹകരണവും അനുവാദവും ഇതിനുണ്ടാകണം. വനിതകളെ പാരീഷ് കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ, ഇടവകയിലെ മറ്റു ഭരണ സമിതികൾ, ഇവയിലൊക്കെ പങ്കാളികളാക്കി സഭ അവരുടേതുമാണ് എന്ന് അനുഭവപ്പെടാൻ ഇടയാകണം. വിശ്വാസികളെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ അല്മായ പ്രസ്ഥാനത്തേയും ശക്തമായി നയിക്കട്ടെയെന്ന് ആശംസിക്കുന്നു

ഈശോയിൽ സ്നേഹപുരസ്സരം,

ഇടുക്കി **മാർ മാത്യൂ ആനിക്കുഴിക്കാട്ടിൽ**

15-05-2012 സീറോ മലബാർ അല്മായ കമ്മീഷൻ അംഗം

*ഉത്ഥിതൻ തുറക്കേണ്ട മാനസങ്ങൾ*

# 2012 ജൂൺ 3 ബൈബിൾ ഞായർ

### കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

1. വരുന്ന ഞായറാഴ്ച (ജൂൺ 3) കേരള സഭ ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. അതിനുള്ള ഒരുക്കമായി ഇന്ന് നാം ബൈബിൾവാരം ആരംഭിക്കുന്നു. "വിശുദ്ധലിഖിതങ്ങൾ ഗ്രഹിക്കാൻ തക്കവിധം അവരുടെ മനസ്സ് അവൻ തുറന്നു" (ലൂക്കാ 24:45). ഈ വർഷത്തെ ബൈബിൾവാരപ്രമേയമായി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തിരഞ്ഞെടുത്തിരിക്കുന്ന വാക്യമാണിത്. ഉത്ഥിതനും ബൈബിളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ധ്യാനിക്കാൻ ഈ ദിനങ്ങളിൽ നമുക്കാകട്ടെ.

**ഉത്ഥിതന്റെ നിർബന്ധം**

2. ശിഷ്യരുടെ വിശുദ്ധലിഖിതജ്ഞാനത്തിന്റെ അഭാവം ഉത്ഥിതനായ യേശുവിനെ വല്ലാതെ വിഷമിപ്പിക്കുന്നു. വിശുദ്ധലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളവ വിശ്വസിക്കാൻ കഴിയാത്ത അവരുടെ ഹൃദയമാന്ദ്യത്തെ ഉത്ഥിതനായ ക്രിസ്തു എത്ര ശക്തിയോടെയാണ് കുറ്റപ്പെടുത്തുന്നത്! "ഭോഷന്മാരേ, പ്രവാചകന്മാർ പറഞ്ഞിട്ടുള്ളതു വിശ്വസിക്കാൻ കഴിയാത്തവിധം ഹൃദയം മന്ദീഭവിച്ചവരേ" എന്നാണ് എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരെ ഉത്ഥിതൻ വിളിക്കുന്നത് (ലൂക്ക 24:25). നമ്മൾ വിശുദ്ധഗ്രന്ഥം വായിക്കുകയും ധ്യാനിക്കുകയും ഗ്രഹിക്കുകയും വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യണമെന്നു നിർബന്ധമുള്ളവനാണ് ഉത്ഥിതനായ കർത്താവ്.

**മനസ്സുതുറക്കലും ലിഖിതംതുറക്കലും**

3. ഉത്ഥിതൻ ശിഷ്യരുടെ മനസ്സു 'തുറന്നു' എന്നതിനും എമ്മാവൂസിലേക്കു പോയ ശിഷ്യർക്കുവേണ്ടി വിശുദ്ധലിഖിതം 'വിശദീകരിച്ചു' എന്നതിനും ഒരേ ക്രിയാപദം തന്നെയാണ് ഗ്രീക്കിൽ പ്രയോഗിച്ചിരിക്കുന്നത് - 'ദിയനൊയിഗോ'. ഈ പദം അപ്പസ്തോലപ്രവർ





ത്തനം 16:14-ൽ വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. പൗലോസിന്റെ വചനങ്ങൾ സ്വീകരിക്കാൻ കർത്താവ് തിയത്തീറാ പട്ടണത്തിൽ നിന്നുള്ള ലീദിയ എന്ന സ്ത്രീയുടെ ഹൃദയം 'തുറന്നു' എന്ന് നാം അവിടെ വായിക്കുന്നു. തിരുവചനങ്ങൾ ഗ്രഹിക്കാനും സ്വീകരിക്കാനും ശിഷ്യരുടെ മനസ്സും ലീദിയയുടെ ഹൃദയവും തുറക്കുന്ന ഉത്ഥിതനായ ക്രിസ്തു ഇന്നും അതു ചെയ്യുന്നുണ്ട്. ഉത്ഥിതസാന്നിധ്യം തിരിച്ചറിഞ്ഞ് വിശ്വാസത്തോടെ ബൈബിളിനെ സമീപിക്കുന്നവരുടെ മനസ്സുകളും വിശുദ്ധലിഖിതവും അവിടന്ന് തുറക്കുന്നു. വിശുദ്ധഗ്രന്ഥം വായിക്കുന്നതിനും ധ്യാനിക്കുന്നതിനും പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും അവശ്യം വേണ്ട രണ്ടു തുറവുകളാണിവ:

4. (1) ഒന്ന്, വായിക്കുന്നയാളിന്റെ മനസ്സിന്റെ ഒരുക്കം. ഇത് ഉത്ഥാനപ്രഭ ഒരു വ്യക്തിയിൽ നടത്തുന്ന ഒരുക്കമാണ്. ഉത്ഥിതകൃപ കൂടാതെ വിശുദ്ധഗ്രന്ഥത്തോടു തുറവുള്ള ഒരു മനസ്സ് നമുക്കുണ്ടാവുക അസാധ്യം. കൂരിരുട്ടിൽ ഒന്നും കാണാനാവില്ലല്ലോ. യേശുവിന്റെ പീഡകളും മരണവും ശവസംസ്കാരവും വല്ലാത്ത ഇരുളാണ് പരത്തിയത്. യേശുവിന്റെ മരണനിമിഷത്തിൽ സൂര്യൻ ഇരുണ്ടു; ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു (ലൂക്ക 23:44-45). ശിഷ്യരുടെ മനസ്സിന്റെ കാര്യം പറയാനുമില്ല. കല്ലറയുടെ കല്ല് അടഞ്ഞതോടെ ശിഷ്യരുടെ മനസ്സിൽ പടർന്ന ഇരുളിന് കാഞ്ഞിരത്തെക്കാൾ കയ്പുണ്ടായിരുന്നു! അടഞ്ഞ മനസ്സുകളിൽ വചനകിരണത്തിനു പ്രവേശനമില്ല. വിശുദ്ധലിഖിതവായനയും ഗ്രഹണവും അസാധ്യമാക്കുന്ന ഒരനുഭവമായിരുന്നു അത്. ഇത്തരം അനുഭവവിവരണത്തിൽ ലൂക്കാസുവിശേഷകനു കൂട്ടായി വിശുദ്ധ യോഹന്നാനുമുണ്ട്. "അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ" ശവകുടീരത്തിന്റെ സമീപത്തേക്കെത്തുന്ന മഗ്ദലേനമറിയത്തെക്കുറിച്ചുള്ള യോഹന്നാന്റെ വിവരണവും (യോഹ 20:1) പത്രോസ്, യോഹന്നാൻ എന്നിവരെക്കുറിച്ച്, "അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നുവെന്ന തിരുവെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല" എന്ന കുറിപ്പും (യോഹ 20:9) വിശുദ്ധ ലൂക്കായുടെ വിവരണത്തോടു ചേർത്തുവച്ചു വായിക്കേണ്ടതാണ്. സൂര്യനില്ലാത്തപ്പോഴുള്ള ഇരുളിന്റെ അനുഭവമാണത്. തിരുവെഴുത്തു ഗ്രഹിക്കാൻ വെളിച്ചം വേണം - ഉത്ഥിതന്റെ വെളിച്ചം! ഉത്ഥാനപ്ര

ഭയിൽ മാത്രമാണ് വിശുദ്ധലിഖിതങ്ങൾ അർത്ഥപൂർണമായി വായിക്കാൻ കഴിയുന്നത്. അതെ, മനസ്സു തുറക്കുന്ന വെളിച്ചം ഉത്ഥിതന്റെ പക്കലുണ്ട്.

5. (2) രണ്ടാമത്തെ ഘടകം, വിശുദ്ധഗ്രന്ഥത്തിന്റെ വ്യാഖ്യാനമാണ്. ലൂക്കാ 24:32-ൽ യേശു വിശുദ്ധലിഖിതം വിശദീകരിച്ചതായി അഥവാ 'തുറന്ന'തായുള്ള പരാമർശം ബൈബിൾ വ്യാഖ്യാനത്തിന്റെ വിവിധ തലങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. വ്യാഖ്യാനത്താക്കോൽ ഉത്ഥിതന്റെ പക്കലാണുള്ളത്. അല്ല, ഉത്ഥിതൻ തന്നെയാണ് വ്യാഖ്യാനത്താക്കോൽ! ക്രിസ്തുകേന്ദ്രീകൃതമായാണ് വിശുദ്ധഗ്രന്ഥവ്യാഖ്യാനം നടത്തേണ്ടത്. വിശുദ്ധഗ്രന്ഥത്തിന്റെ ആധികാരികപ്രബോധനം നടത്തുന്ന നിയമജ്ഞർ ജ്ഞാനത്തിന്റെ താക്കോൽ കൈവശം വച്ചിരിക്കുന്നെങ്കിലും വിശുദ്ധഗ്രന്ഥം വിശദമാക്കുകയല്ല, അതു മറച്ചുവയ്ക്കുകയാണെന്നു ലൂക്കാ 11:52-ൽ യേശു കുറ്റപ്പെടുത്തുന്നത് ശ്രദ്ധിക്കേണ്ടതാണ്. ബൈബിൾ വായിക്കാൻ പരിശീലിക്കുന്ന കൊച്ചുകുട്ടിക്കു മുതൽ ബൈബിൾ പഠിപ്പിക്കുന്ന പണ്ഡിതനുവരെ ഉത്ഥിതൻ തന്നെയാണ് വിശുദ്ധഗ്രന്ഥജ്ഞാനത്തിന്റെ വാതിൽ തുറന്നുകൊടുക്കുന്നത്.

**ബൈബിൾരചനയും ഉത്ഥാനവും**

6. ഉത്ഥാനത്തിന്റെ വെളിച്ചത്തിലാണ് ക്രിസ്തുശിഷ്യർക്ക് പഴയനിയമലിഖിതങ്ങളുടെ പൊരുൾ തിരിച്ചറിയാൻ കഴിഞ്ഞത്. അപ്പസ്തോലന്മാർ സുവിശേഷപ്രഘോഷണം നടത്തിയതും സഭയെ പടുത്തുയർത്തിയതും ഉത്ഥിതാനുഭവശക്തിയാലായിരുന്നു. പുതിയനിയമഗ്രന്ഥകർത്താക്കൾ രചന നടത്തിയതും അങ്ങനെതന്നെ. യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും പ്രവൃത്തികളുമെല്ലാം ഉത്ഥാനത്തിന്റെ ദൃഷ്ടിയിലൂടെയാണ് അവർ നോക്കിക്കണ്ടതും വിവരിച്ചതും. ചുരുക്കിപ്പറഞ്ഞാൽ, വിശുദ്ധഗ്രന്ഥത്തിന്റെ രചന യേശുവിന്റെ ഉത്ഥാനവെളിച്ചത്തിലാണ് നടന്നത്.

**പ്രകാശിപ്പിക്കുന്ന ഉത്ഥിതൻ**

7. "അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?" (ലൂക്കാ 24:32). അത് ഉത്ഥിതപ്രഭ തന്നെയാണ്. ശിഷ്യരെ ഗുരുത്വത്തിൽ വളർത്തുന്ന, സകല ഇരുളും അകറ്റുന്ന ഗുരുപ്രകാശമാണത്. 'പ്രകാ





ശിപ്പിക്കുക', 'ജ്വലിപ്പിക്കുക' എന്നീ അർത്ഥങ്ങളുള്ള ക്രിയാപദമാണ് ('കയീയോ') ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. "ഇരുട്ടിൽ പ്രകാശിക്കുന്ന" (യോഹ 1:5) ദീപ്തിയാണ് ഉത്ഥിതനായ ക്രിസ്തു- കീഴടക്കാൻ അന്ധകാരത്തിനു കഴിയാത്ത പ്രകാശം (cf. യോഹ 1:5). "അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്" (119:105), "അങ്ങയുടെ പ്രകാശത്തിലാണ് ഞങ്ങളുടെ പ്രകാശം" (36:9) എന്നീ സങ്കീർത്തനവാക്യങ്ങൾ സൂചിപ്പിക്കുന്നത് ഉത്ഥിതനാൽ പ്രകാശിതരാകുന്ന നമ്മെത്തന്നെയല്ലേ? മാമ്മോദീസയെ ആദിമസഭ 'ഫോത്തിസ്മോസ്' (illumination) എന്നു വിളിച്ചതിന്റെ അർത്ഥവും മറ്റൊന്നല്ല. ഉത്ഥിതനാൽ പ്രകാശിതനാണ് ക്രൈസ്തവൻ. പെസഹാത്തിരിയിൽനിന്നു കൊളുത്തുന്ന മാമ്മോദീസാതിരി സൂചിപ്പിക്കുന്ന ആശയവും ഇതുതന്നെ. 'കർത്താവിന്റെ വചനം' എന്ന തന്റെ സിനഡനന്തര അപ്പസ്തോലികപ്രബോധനത്തിൽ പരിശുദ്ധപിതാവ് എഴുതുന്നു: "ഉത്ഥിതനായ വചനം നമ്മുടെ പാതയിലെ ആത്യന്തികപ്രകാശമാണ് . . . മനുഷ്യർക്ക് ആവശ്യമായിരിക്കുന്ന യഥാർത്ഥ വെളിച്ചമാണ് ദൈവവചനം. ഉത്ഥാനത്തിൽ ദൈവപുത്രൻ യഥാർത്ഥത്തിൽ ലോകത്തിന്റെ പ്രകാശമായി ഉദയം ചെയ്തു. ഇപ്പോൾ അവനോടുകൂടെയും അവനിലും ജീവിച്ചുകൊണ്ട് നമുക്ക് പ്രകാശത്തിൽ വസിക്കാനാകുന്നു" (No.12).

**തിരുവചനത്തിലെ ഉത്ഥിതസാന്നിധ്യം**

8. ഉത്ഥിതൻ വചനം വ്യാഖ്യാനിക്കുന്നുവെന്നു മാത്രമല്ല, വചനത്തിലൂടെ സഭയ്ക്ക് തന്നത്തന്നെ സന്നിഹിതനാക്കുകയും ചെയ്യുന്നു. തിരുവചനത്തിലെ ഉത്ഥിതസാന്നിധ്യം നമ്മുടെ ചിന്തയ്ക്ക് കൂടുതൽ വിഷയീഭവിക്കേണ്ടതാണ്. തിരുവചനപ്രഘോഷണത്തിനു മുമ്പുള്ള ഹല്ലേലൂയ പ്രഭണിതങ്ങൾ തിരുവചനത്തിലൂടെ വിശ്വാസികളെ സമീപിക്കുന്ന ഉത്ഥിതന്റെ സാന്നിധ്യത്തെ പ്രഘോഷിക്കുകയാണു ചെയ്യുന്നത്. ഹല്ലേലൂയ എന്ന സങ്കീർത്തനശകലം ആദിമസഭ ഉപയോഗിച്ചതും ഇന്നത്തെ സഭ ഉപയോഗിക്കുന്നതും യേശുവിന്റെ ഉത്ഥാനത്തെ പ്രഘോഷിക്കാൻ വേണ്ടിയാണ്. "അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു" (സങ്കീ 119:130) എന്നു സങ്കീർത്തകൻ പാടിയത് വചനപ്രഘോഷണത്തിലെ ഉത്ഥിതസാന്നിധ്യത്തിലേക്കുള്ള ഒരു സൂചനയായിരിക്കില്ലേ?

**ഉത്ഥിതൻ തുറക്കുന്ന കേരളമനസ്സ്**

9. വിശുദ്ധഗ്രന്ഥസംബന്ധിയായി കേരളസഭാമക്കളുടെ മനസ്സ് ഉത്ഥിതൻ തുറന്നതിന്റെ പ്രത്യക്ഷലക്ഷണങ്ങൾ ഏറെയുണ്ട്. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ വ്യത്യസ്ത സന്ദർഭങ്ങളിലായി ആഹ്വാനം ചെയ്ത ബൈബിൾ പ്രോഗ്രാമുകൾക്ക് സഭാമക്കളിൽനിന്നു ലഭിക്കുന്ന ആവേശപൂർവകമായ സഹകരണം വ്യക്തമാക്കുന്നത് ഉത്ഥിതൻ നമ്മുടെ മനസ്സുതുറക്കുന്നുവെന്നു തന്നെയല്ലേ. ഇക്കഴിഞ്ഞ ലോഗോസ് ക്വിസിൽ അഞ്ചുലക്ഷത്തിമുപ്പത്തേഴായിരം പേർ രജിസ്റ്റർ ചെയ്തു എന്നത് എത്ര അഭിമാനകരമാണ്! 'നവസുവിശേഷവത്കരണത്തിന്റെ കേരളാമോഡൽ' എന്നാണ് ലോഗോസ്ക്വിസ് ഇന്ന് സഭാവൃത്തങ്ങളിൽ അറിയപ്പെടുന്നത്. ഈ വർഷം ലോഗോസ് ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ നമുക്കുകഴിഞ്ഞു. ഇതിനായി കഠിനാധ്വാനം ചെയ്ത ബൈബിൾ അപ്പോസ്തലേറ്റു ഡയറക്ടർമാരെയും ലോഗോസ് ഇൻചാർജുകളെയും ഹൃദയപൂർവം അഭിനന്ദിക്കുന്നു. ലോഗോസിന്റെ ചരിത്രത്തിലാദ്യമായി ഫൈനൽ റൗണ്ട് ഏവർക്കും കാണാവുന്ന തരത്തിൽ ടെലി സംപ്രേഷണം ചെയ്യാനായി എന്നതും അഭിമാനകരം തന്നെ. വരുന്ന വർഷം 65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കു മാത്രമായി ഒരു പ്രായവിഭാഗം കൂടി ലോഗോസ് ക്വിസിനായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. അടുത്ത വർഷം മുതൽ ലോഗോസ് പ്രതിഭയ്ക്ക് നിലവിലുള്ള സമ്മാനങ്ങളോടൊപ്പം വിശുദ്ധനാട്ടിലേക്ക് ഒരു സൗജന്യയാത്രയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സമ്മാനിക്കുന്നതാണ്.

10. കഴിഞ്ഞ ബൈബിൾവാരത്തോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പി.ഒ.സി.യിൽ വച്ചു സംഘടിപ്പിച്ച അഖണ്ഡ ബൈബിൾ പാരായണയജ്ഞത്തിനു ലഭിച്ച വൻജന സമ്മിതി വിശുദ്ധഗ്രന്ഥത്തോടുള്ള മലയാളിയുടെ സ്നേഹത്തിന്റെ അതിസുന്ദര പ്രകാശനമായിരുന്നു. അതെത്തുടർന്ന് പല രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഇത്തരം ബൈബിൾപാരായണ പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നുണ്ടെന്നത് ചാരിതാർത്ഥ്യജനകമാണ്.

11. ഈ വർഷത്തെ ബൈബിൾവാരവും ബൈബിൾഞായറും സമുചിതമായി ആചരിക്കാൻ ഏവരും ശ്രദ്ധിക്കുമല്ലോ. കേരള കത്തോ





ലിക്കാ മെത്രാൻ സമിതിയുടെ പ്രത്യേക താത്പര്യപ്രകാരം ഈ വർഷം മുതൽ ബൈബിൾ പാരായണമാസാചരണം നടത്താൻ കേരളസഭ തീരുമാനിച്ചിരിക്കുകയാണ്. അതിനാൽ ജൂൺ 1 മുതൽ ജൂൺ 30 വരെ ബൈബിൾ പാരായണമാസമായി ആചരിക്കാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു. രൂപതാ-ഇടവക തലങ്ങളിലുള്ള ബൈബിൾ പാരായണസംരംഭങ്ങൾക്കു പുറമേ കുടുംബയൂണിറ്റുകളിലും കുടുംബങ്ങളിലും വ്യക്തിപരമായും ബൈബിൾ സാഘോഷം പാരായണം ചെയ്യുന്നതിനായി ഈ മാസം നാം പ്രത്യേകം മാറ്റിവയ്ക്കുകയാണ്. ഉചിതമായ വിധത്തിൽ അത് ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും ഏവരും ശ്രദ്ധിക്കുമല്ലോ. അതിനുള്ള സഹായമെന്ന നിലയിൽ ഒരു വായനാസഹായി തയ്യാറാക്കി രൂപതാ ബൈബിൾ അപ്പോസ്തലേറ്റു ഡയറക്ടർമാർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

12. മൊബൈൽ ഫോണിൽ പി.ഒ.സി. ബൈബിൾ (www.pocbible.com) സൗജന്യമായി ഡൗൺലോഡുചെയ്തു സൗകര്യാർത്ഥം വായിക്കാവുന്ന സംവിധാനം ഇതിനകം ഒരുക്കിക്കഴിഞ്ഞുവെന്ന് സസന്തോഷം അറിയിച്ചുകൊള്ളട്ടെ. ആൻഡ്രോയിഡ്, ഐപോഡ്, ബ്ലാക്ക്ബെറി എന്നീ ആപ്ലിക്കേഷനുകൾക്കുള്ള സൗകര്യമാണ് ഇതിനകം തയ്യാറായിട്ടുള്ളത്. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ചിട്ടുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പതിനായിരത്തോളം പേർ പങ്കെടുക്കുന്നുണ്ടെങ്കിലും വീട്ടിലിരുന്ന് ബൈബിൾ പഠിക്കാൻ അനേകായിരങ്ങൾ ഇനിയും പേരു രജിസ്റ്റർ ചെയ്യേണ്ടിയിരിക്കുന്നു.

13. വിശുദ്ധഗ്രന്ഥത്തിന്റെ ശ്രവ്യഭാഷ്യം തയ്യാറാക്കിക്കൊണ്ടിരിക്കുന്ന കേരള കാത്തലിക് ബൈബിൾ സൊസൈറ്റിക്ക് പ്രത്യേക അഭിനന്ദനങ്ങൾ! പുതിയനിയമം, ജ്ഞാനഗ്രന്ഥങ്ങൾ, പ്രവാചകഗ്രന്ഥങ്ങൾ, സങ്കീർത്തനങ്ങളുടെ ഏതാനും ഭാഗങ്ങൾ എന്നിവ ഇതിനകം ഓഡിയോ ബൈബിളായി ഇറങ്ങിക്കഴിഞ്ഞു. സൊസൈറ്റിയുടെ വെബ്സൈറ്റ് (www.keralabiblesociety.com) ബൈബിൾപ്രേഷിതത്വത്തിന്റെ ഉത്തമ മാധ്യമമായി പൊതുവെ അംഗീകാരം നേടിയിട്ടുണ്ട്. ദൈവവചനപ്രചാരണരംഗത്തുള്ള കേരള കത്തോലിക്കരുടെ കൂട്ടായ്മയാണ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയെന്നറിയാമല്ലോ. ഇതിൽ അംഗങ്ങളാകാൻ നിങ്ങളെ ഓരോരു

ത്തരെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു. ജൂൺമാസം കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ അംഗത്വശേഖരണ തീവ്രമാസമായി ആചരിക്കുകയാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും വേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

14. നമ്മുടെ മനസ്സു തുറക്കുന്നവനും വിശുദ്ധഗ്രന്ഥത്തിന്റെ അകക്കാമ്പു തുറക്കുന്നവനുമായി എന്നും ഉത്ഥിതനായ യേശു നമ്മോടുകൂടെയുണ്ടായിരിക്കും. അതിന്റെ സ്ഥായിയായ ഉറപ്പാണ് "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന അവിടത്തെ വചനം. കേരളസഭയുടെ ബൈബിൾ പ്രേഷിതത്വത്തെ ഉത്ഥിതനായ കർത്താവ് ഇനിയും ഉജ്ജ്വലിപ്പിക്കട്ടെ!

സ്നേഹത്തോടെ,

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**

ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

---

NB: ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വേണ്ടവിധം വിശദീകരിച്ചുകൊടുത്ത് ബൈബിൾ ഞായർ (ജൂൺ 3) ആചരിക്കേണ്ടതാണ്.

**+ മാർ ജേക്കബ് മനത്തോടത്ത്**

## വൊക്കേഷൻ ബ്യൂറോ

രൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്നും ആശംസകൾ. ഈ വർഷം ദൈവവിളി സ്വീകരിച്ച് രൂപതയ്ക്ക് അകത്തും പുറത്തും ഉള്ള എല്ലായിടത്തേക്കും പോകുന്ന ആൺകുട്ടികളും പെൺകുട്ടികളും രൂപതാ വൊക്കേഷൻ പ്രമോട്ടറുടെ NOC വാങ്ങേണ്ടതാണ്. NOCക്കായി വരുമ്പോൾ വികാരിയച്ചന്മാരുടെ എഴുത്ത് കൊണ്ടുവരേണ്ടതാണ്. എഴുത്തിൽ കുട്ടിയുടെ മാമ്മോദീസ സ്ഥൈര്യലേപന തിയ്യതികൾ, ഇടവകയിൽ കുട്ടി അംഗമായിരുന്ന സംഘടനകൾ എന്നിവ രേഖപ്പെടുത്തണം. വിശദവിവരങ്ങൾക്ക് : 9447804428

**ഫാ. ടെൻസൻ താന്നിക്കൽ**

രൂപതാ വൊക്കേഷൻ പ്രമോട്ടർ





2012



# BISHOP'S Engagements

**2012 MAY**

| | | |
|---|---|---|
| 1 | AM | St. Sebastian's Church, Irumpakachola |
| | PM | Kripasadan, Malampuzha |
| 2 | AM | St. Thomas Forane Church, Kanjirapuzha |
| | PM | SABS Vestition, Mundur |
| 3 | AM | Meeting, Bishop's House |
| | 11 AM | FCC Jubilee, Seraphic Provincial House, Pkd |
| 4 | | Interview of Candidates, Kallepully |
| 5 | AM | Ordination, Kadampazhipuram |
| 6 | AM | St. Joseph's Church, Karara |
| | PM | St. Antony's Church, Sholayur |
| 7 | | Kodamthuruth, Kuthiathodu |
| 8 | | Monthly Recollection, Bishop's House |
| 9 | PM | Family Apostalate Meeting |
| 10 | PM | JSS Meeting, Agali |
| | | Sehion Retreat Centre, Thavalam |
| 12 | | Agali, Kottathara |
| 13 | AM | Sacred Heart Church, Rajagiri |
| | PM | St. James Church, Kulakkattukurussi |
| 14 | | Kallamkunnu |
| 15 | | Alappuzha |
| 18 | | Health Commission Meeting POC |
| 19 | AM | Christu Raja Church, Kandamangalam |
| | PM | Holy Trinity Church, Thavalam |
| 20 | AM | Little Flower Church, Alathur |
| | PM | Thrissur |
| 21 | | Mangalapuzha Seminary |

| | | |
|---|---|---|
| 22 | | Valamangalam |
| 23 | | Church Blessing, Arappara |
| 24 | | Preshitha Sangamam, Pastoral Centre |
| 25 | | Prolife Animators' Meeting |
| 26-28 | | Episcopal Ordination, Delhi |
| 28 | PM | Dhoni |
| 29 | | Convent Blessing & Final Profession, OSF Sisters Arappara |
| 30 | | Salem |
| **2012 JUNE** | | |
| 2 | | St. Joseph's Church, Olavakode |
| 3 | | St. Thomas Church, Chittur, Attapady |
| 5-7 | | KCBC, POC |
| 8 | | Bharathamatha School, Chandranagar |
| | | BTC Inauguration, Pastoral Centre |
| 10 | | Littile Flower Church, Alathur |
| 11-12 | | Trimonthly |



## From the Bishop's Office

**മാസധ്യാനം**

വൈദികരുടെ മാസധ്യാനം മെയ് 8-ാം തിയ്യതി അരമനയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**ത്രൈമാസ സമ്മേളനം**

വൈദികരുടെ ത്രൈമാസ സമ്മേളനം ജൂൺ 11-12 തിയ്യതികളിൽ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

**പ്രേഷിത സംഗമം**

പാലക്കാട് രൂപതയുടെ പ്രേഷിത സംഗമം 2012 മെയ് 24-ാം തിയ്യതി പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെടുന്നു. രൂപതയിൽ നിന്നും മറ്റു രൂപതകളിൽ പ്രേഷിതരായി പ്രവർത്തിക്കുന്നവരെ പ്രസ്തുത സംഗമത്തിൽ സംബന്ധിക്കുവാൻ പ്രത്യേകമായി ക്ഷണിക്കുന്നു. രാവിലെ 9.30 മുതൽ 4.00 മണിവരെ ദീർഘിക്കുന്ന സംഗമത്തിൽ അഭിവന്ദ്യ പിതാവ് സന്ദേശം നൽകുന്നതാണ്.





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Jun-12 | FRI | Rev. Fr. Olakkengil Viani |
| 2-Jun-12 | SAT | Rev. Fr. Ollukaran Vincent |
| 4-Jun-12 | MON | Rev. Fr. Palathinkal Abraham |
| 5-Jun-12 | TUE | Rev. Fr. Paramby Thomas |
| 6-Jun-12 | WED | Rev. Fr. Parayil Jijo |
| 7-Jun-12 | THU | Rev. Fr. Perumattil Antony |
| 8-Jun-12 | FRI | Rev. Fr. Perumbillil George |
| 9-Jun-12 | SAT | Rev. Fr. Plathottathil Biju |
| 11-Jun-12 | MON | Rev. Fr. Plathottathil Jinse |
| 12-Jun-12 | TUE | Rev. Fr. Ponmani Jose |
| 13-Jun-12 | WED | Rev. Fr. Potteparambil Jose |
| 14-Jun-12 | THU | Rev. Fr. Poovathanikunnel Jacob |
| 15-Jun-12 | FRI | Rev. Fr. Pulickathazhe Raju |
| 16-Jun-12 | SAT | Rev. Fr. Pulikottil Joshy |
| 18-Jun-12 | MON | Rev. Fr. Pullukalayil Reny |
| 19-Jun-12 | TUE | Rev.Fr. Puramadathil Jino |
| 20-Jun-12 | WED | Rev.Fr. Puthenpurayil Joshy |
| 21-Jun-12 | THU | Rev. Fr. Puthukara John |
| 22-Jun-12 | FRI | Rev. Fr. Thaikattil Anto |
| 23-Jun-12 | SAT | Rev. Fr. Thamarassery Sebastian |
| 25-Jun-12 | MON | Rev. Fr. Thanickal Thomas |
| 26-Jun-12 | TUE | Rev. Fr. Tharaniyil Paul |
| 27-Jun-12 | WED | Rev. Fr. Thattil Martin |
| 28-Jun-12 | THU | Rev. Fr. Thekkumkattil Jomy |
| 29-Jun-12 | FRI | Rev. Fr. Theruvankunnel George |
| 30-Jun-12 | SAT | Rev. Fr. Thoonikavil Jose Prakash |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

**കാറ്റികിസം വെബ്സൈറ്റ്**

പാലക്കാട് രൂപത വിശ്വാസപരിശീലനവേദിയുടെ വെബ്സൈറ്റിൽ രൂപതയിലെ എല്ലാ മതാദ്ധ്യാപകരും മതബോധന വിദ്യാർത്ഥികളും തങ്ങളുടെ പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി എല്ലാ വികാരിയച്ചന്മാരും പ്രധാനാധ്യാപകരും തങ്ങൾക്ക് കിട്ടിയിരിക്കുന്ന യൂസർ നെയിമും പാസ്‌വേർഡും ഉപയോഗിച്ച് അതതു ഇടവകകളിലെ എല്ലാ മതാധ്യാപകരുടെയും മതബോധന വിദ്യാർത്ഥികളുടെയും പേര് രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടുക. രജിസ്റ്റർ ചെയ്യാത്തവർ എത്രയും പെട്ടെന്ന് ചെയ്യുമല്ലോ?

ഫാ. ജോമിസ് കൊടകശ്ശേരി : 9447997959, ബ്ര. ഷൈജു : 8089515383, ഓഫീസ് : 0491 – 2510257.

ഫൊറോന അടിസ്ഥാനത്തിൽ എല്ലാ ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാർ നിർദ്ദേശിക്കുന്ന ഒരു വ്യക്തിക്ക് കാറ്റികിസം വെബ്സൈറ്റ് ഉപയോഗിക്കേണ്ട രീതിയെക്കുറിച്ച് ഒരു പരിശീലന ക്ലാസ്സ് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. തിയ്യതിയും സമയവും താഴെ കൊടുക്കുന്നു

| | | |
|---|---|---|
| 10.05.2012 | 10.30–11.30 | താവളം, കാഞ്ഞിരപ്പുഴ, മണ്ണാർക്കാട് ഫൊറോനകൾ |
| 11.05.2012 | 10.30–11.30 | പൊന്നംകോട്, ഒറ്റപ്പാലം, ഒലവക്കോട്, പാലക്കാട് ഫൊറോനകൾ |
| 12.05.2012 | 10.30–11.30 | മംഗലംഡാം, മേലാർക്കോട്, തത്തമംഗലം, വടക്കഞ്ചേരി ഫൊറോനകൾ |

**മതബോധന സംയുക്ത സമ്മേളനം**

2012 മെയ് 26–ാം തിയ്യതി ശനിയാഴ്ച കാലത്ത് 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് മതബോധന സംയുക്ത സമ്മേളനം നടക്കുന്നു. 2012–2013 അധ്യയന വർഷത്തിന്റെ ഉദ്ഘാടനം, 2011–2012 അധ്യായന വർഷത്തിന്റെ റിപ്പോർട്ട് അവതരണം,10–12 ക്ലാസ്സുകളിലെ റാങ്ക് ജേതാക്കളെ ആദരിക്കൽ, സൺഡേസ്കൂൾ, റെഗുലർ സ്കൂൾ, സ്കോളർഷിപ്പ് വിജയികൾക്കും ചെറുകഥ, ഉപന്യാസം, രൂപതാതലവിജയികൾക്കുള്ള സമ്മാനദാനം, അടുത്തവർഷത്തേക്കുള്ള കലണ്ടർ സ്റ്റാറ്റിസ്റ്റിക്സ് ഫോമുകൾ, സർട്ടിഫിക്കറ്റുകൾ, ലോഗോസ് രജിസ്ട്രേഷൻ ഫോമുകളുടെ വിതരണം തുടങ്ങിയവയാണ് അന്നേ ദിവസത്തെ പരിപാടികൾ. സമ്മാനാർഹരായവരെ പങ്കെടുപ്പിക്കാൻ പ്രധാനാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സമ്മാനദാനം രാവിലെ അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാരും മതബോധന കൗൺസിൽ അംഗങ്ങളും,





സൺഡേസ്കൂൾ റെഗുലർസ്കൂൾ പ്രധാനാദ്ധ്യാപകരും സമ്മാനാർഹരായവരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എല്ലാവരേയും പ്രസ്തുത സമ്മേളനത്തിലേക്ക് സാദരം ക്ഷണിക്കുകയും ചെയ്യുന്നു.

**യൂണിറ്റുകളിൽ സ്റ്റാഫ് മീറ്റിംഗ്**

മെയ് 27–ാം തിയ്യതി ഞായറാഴ്ച ഇടവകകളിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും മതബോധന കലണ്ടർ ചർച്ച ചെയ്ത് പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം മതബോധനദിനാചരണത്തെക്കുറിച്ച് ചിന്തിക്കുകയും വിശ്വാസപരിശീലനവർഷാരംഭദിനമായ ജൂൺ 3–ാം തിയ്യതി മതബോധനദിനമായി ആചരിക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**സൺഡേ കാറ്റികിസം പുസ്തകങ്ങൾ**

പുതിയ അദ്ധ്യായന വർഷത്തേക്ക് അതാത് യൂണിറ്റുകളിൽ ആവശ്യമുള്ള പുസ്തകങ്ങളുടെ എണ്ണം നിർദ്ദിഷ്ട ഓർഡർ ഫോമിൽ പൂരിപ്പിച്ച് മെയ് 10–ന് മുമ്പായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റീ എക്സാമിനേഷൻ**

ഈ വർഷത്തെ സൺഡേകാറ്റികിസം 10–ാംക്ലാസ്സ് പരീക്ഷ മെയ് 6–ാം തിയ്യതി നടത്തപ്പെടുന്നു. II HDC പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളും വിജയിച്ചിരിക്കുന്നു.

**ബി.ടി.സി**

വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രെയ്നിംഗ് കോഴ്സ് (ബി.ടി.സി) ജൂൺമാസം (8, 9, 10 വെള്ളി, ശനി, ഞായർ) തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 മണിവരെയാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പാസ്റ്ററൽ സെന്ററിൽ താമസിച്ച് ബി.ടി.സി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമേ ബി.ടി.സി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി സർട്ടിഫിക്കറ്റ് മതബോധന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു അടിസ്ഥാന യോഗ്യതയാണെന്ന് ഓർമ്മിക്കുമല്ലോ. രജി.ഫീസ്. 200 രൂപ

**വിശ്വാസപരിശീലന വാർഷാരംഭം (മതബോധനദിനം)**

ജൂൺ 3–ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യായനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേദിനം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും അന്നേ ദിവസം മുൻകൂട്ടി അറിയിച്ച് സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**2011–2012 മതബോധന പിരിവ്** (തുടർച്ച)

ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ, കരിമ്പ 1000

**വിഷൻ ക്യാമ്പ് 2012**

ഈ വർഷം10–ാം ക്ലാസ്സിൽ പരീക്ഷയെഴുതിയ കുട്ടികൾക്കായി ജീവിത ദർശന ക്യാമ്പ് മതബോധന കേന്ദ്രം സംഘടിപ്പിക്കുകയുണ്ടായി. ഒമ്പത് സെഷനുകളിലായി രണ്ട് ദിവസം വീതം നടന്ന ക്യാമ്പിൽ 746 കുട്ടികൾ പങ്കെടുത്തു. കരിയർ ഗൈഡൻസ്, വ്യക്തിത്വവികസനം, ധാർമ്മികത, കാർഷികജീവിതം, ക്രിസ്ത്യൻ മനഃസാക്ഷി, ദൈവവിളി തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് പ്രമുഖർ ക്ലാസ്സുകൾ എടുത്തു. ശ്രീ. മാത്യു പുത്തൻപുരയ്ക്കൽ, ശ്രീ. അരുൺകുമാർ, ശ്രീ. ശിവരാമകൃഷ്ണൻ, ശ്രീ. അലക്സ്, ശ്രീ കൃഷ്ണകുമാർ മുണ്ടത്ത്, റവ. ഫാ. ജെയ്മോൻ പള്ളിനീരാക്കൽ, റവ. ഫാ. ടെൻസൻ താനിക്കൽ, ശ്രീ. ജോസഫ് (ജെ.എസ്.എസ്. ഡയറക്ടർ) തുടങ്ങിയവർക്ലാസുകൾ എടുത്തു. റവ.ഫാ ജോമിസ് കൊടകശ്ശേരിൽ, റവ. ഫാ. അരുൺ കലമറ്റത്തിൽ, റവ. ഫാ. സജി വട്ടുകളത്തിൽ തുടങ്ങിയവർ ക്യാമ്പുകൾക്ക് നേതൃത്വം കൊടുത്തു.

## Youcat

കത്തോലിക്കാസഭയുടെ യുവജന മതബോധനഗ്രന്ഥം "Youcat' സാൻജോ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി ചോദ്യോത്തര ശൈലിയിൽ ക്രമീകരിച്ചിരിക്കുന്ന ഈ പുസ്തകം ഏവർക്കും, പ്രത്യേകിച്ച് യുവജനങ്ങൾക്ക് ഏറെ പ്രയോജനകരമാണ്. **വില 200 രൂപ.**

**നന്ദിയും സ്വാഗതവും**

വിശ്വാസപരിശീലന വേദിയുടെ ഡയറക്ടർമാരായി വളരെ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച റവ. ഫാ. റെന്നി കാഞ്ഞിരത്തിങ്കൽ, റവ. ഫാ. ജോഷി ചക്കലക്കൽ, റവ. ഫാ. അരുൺ കലമറ്റത്തിൽ, റവ. ഫാ. ജേക്കബ് പൂവ്വത്താനിക്കുന്നേൽ എന്നിവർക്ക് ഹൃദ്യമായ നന്ദി.

അതോടൊപ്പം ഫൊറോന ഡയറക്ടർമാരായി ചാർജ്ജെടുത്ത റവ. ഫാ. സുമേൽ നാൽപ്പതാംകളം, റവ. ഫാ. രാജു പുളിക്കത്താഴ, റവ. ഫാ. ജോസ്പ്രകാശ് തൂണിക്കാവിൽ, റവ. ഫാ. സ്റ്റീഫൻ ഇമ്മട്ടി എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

## Regular School Scholarship Examination Result 2011-2012

| Class | Name | Name of School | Mark | Rank |
|---|---|---|---|---|
| **SCHOOL CATECHISM** | | | | |
| IV | Joshy Jose | Holy Family EMS Ponnamkode | 94 | I |
| IV | Alphy Jiji | Cherupushpam CUPS Vadakkenchery | 91 | II |
| IV | Ananya P. J. | Lourdh Matha HS Mangalam dam | 89 | III |





| | | | | |
|---|---|---|---|---|
| VII | Soumya Jacob | Carmel UPS Palakayam | 93 | I |
| VII | Anila Mathew | Carmel U.P.S. Palakkayam | 89 | II |
| VII | Anitta P. Babu | St. Thomas HSS Olavakode | 88 | III |
| X | Anaida Ann Jacob | St. Raphaels Cathedral Palakkad | 89 | I |
| X | Sneha Shaji | Mount Carmel HS, Jellipara | 81 | II |
| X | Elsa Shoby | Vijayamatha HSS Chittur, Palakkad | 79 | III |
| **MORAL SCIENCE** | | | | |
| IV | Balkees. T | Holy Family CUPS Mundakunnu | 98 | I |
| IV | Nandana. S | Holy Family CUPS Mundakunnu | 96 | II |
| IV | Lija Jacob | Assisi EMHS, Kanjikode | 95 | III |
| VII | Pranija | St. Rita's EMUPS, Nemmara | 94 | I |
| VII | Rose Mariyat Jose | Assisi EM HS Kanjikode | 93 | II |
| VII | Drisya Sundar | St. Thomas UPS, Kairady | 92 | III |
| X | Sinju. K | Lourdh Matha HS Mangalamdam | 96 | I |
| X | Greeshma T. U. | Lourdh Matha HS Mangalamdam | 94 | II |
| X | Priyanka N.V. | Cherupushpam GHSS Vadakkenchery | 92 | III |
| XII | Midhun A | Lourde Matha HS Mangalamdam | 75 | I |
| XII | Sushmitha Sajeev | Cherupushpam GHSS, Vadakkenchery | 70 | II |

## School Catechism in Moral Science Rolling Trophy Winners 2011-2012

| | |
|---|---|
| L.P. Section | Holy Family U.P.S., Mundakkunnu |
| U.P. Section | Carmel UPS Palakkayam |
| H.S. Section | Lourde Matha HS Mangalam Dam |
| H.S.S. Section | Lourde Matha HSS Mangalam Dam |

## സൺഡേ കാറ്റികിസം 10–ാം ക്ലാസ്സ് പരീക്ഷാഫലം 2011–2012

| ഇടവക | പരീക്ഷ എഴുതിയവർ | പാസ്സായവർ | ഡിസ്റ്റിംഗ്ഷൻ | ഫസ്റ്റ് ക്ലാസ് | ശതമാനം |
|---|---|---|---|---|---|
| **കാഞ്ഞിരപ്പുഴ ഫൊറോന** | | | | | |
| 1. കാഞ്ഞിരപ്പുഴ | 27 | 27 | 10 | 12 | 100 |
| 2. ചീനിക്കപ്പാറ | 10 | 10 | 3 | 6 | 100 |
| 3. ഇരുമ്പകച്ചോല | 10 | 10 | 1 | 9 | 100 |
| 4. കാഞ്ഞിരപ്പുഴ ഡാം | 13 | 13 | 3 | 10 | 100 |
| 5. പാലക്കയം | 19 | 18 | 4 | 5 | 95 |
| 6. പൂഞ്ചോല | 4 | 4 | 3 | 1 | 100 |
| 7. വിമലഗിരി | 4 | 4 | 3 | – | 100 |
| **മംഗലംഡാം ഫൊറോന** | | | | | |
| മംഗലംഡാം | 18 | 17 | 4 | 9 | 94 |

| | | | | | |
|---|---|---|---|---|---|
| ബാലേശ്വരം | 3 | 3 | 2 | – | 100 |
| മരിയനഗർ ചിറ്റടി | 8 | 8 | 4 | 4 | 100 |
| മേരിലാന്റ് ചിറ്റടി | 3 | 3 | 2 | – | 100 |
| ഇളവംപാടം | 13 | 13 | 3 | 4 | 100 |
| കടപ്പാറ | 3 | 3 | – | 1 | 100 |
| കയറാടി | 4 | 4 | – | 2 | 100 |
| കരിങ്കയം | 1 | 1 | – | – | 100 |
| മാങ്കുറിശ്ശി | 6 | 6 | – | 4 | 100 |
| ഓടംതോട് | 1 | 1 | 1 | – | 100 |
| ഒലിപ്പാറ | 17 | 17 | 9 | 8 | 100 |
| പൊൻകണ്ടം | 10 | 8 | 1 | 5 | 80 |
| **മണ്ണാർക്കാട് ഫൊറോന** | | | | | |
| മണ്ണാർക്കാട് | 30 | 28 | 7 | 14 | 93 |
| അലനല്ലൂർ | 5 | 5 | 1 | – | 100 |
| എടത്തനാട്ടുകര | 6 | 5 | 2 | 1 | 83 |
| കൈതച്ചിറ | 7 | 7 | 1 | 2 | 100 |
| കണ്ടമംഗലം | 5 | 5 | 2 | 1 | 100 |
| കാരാപ്പാടം | 13 | 13 | 3 | 5 | 100 |
| കോട്ടപ്പുറം | 5 | 5 | – | 3 | 100 |
| പുല്ലിശ്ശേരി | 3 | 3 | 2 | 1 | 100 |
| ശ്രീകൃഷ്ണപുരം | 13 | 11 | 2 | 5 | 85 |
| തിരുവിഴാംകുന്ന് | 2 | 2 | 1 | – | 100 |
| **മേലാർക്കോട് ഫൊറോന** | | | | | |
| മേലാർക്കോട് | 9 | 9 | 1 | 5 | 100 |
| ആലത്തൂർ | 5 | 5 | – | 3 | 100 |
| ചിറ്റിലഞ്ചേരി | 4 | 4 | 1 | 3 | 100 |
| നെല്ലിയാമ്പതി | 2 | 2 | – | 1 | 100 |
| നെന്മാറ | 10 | 9 | 1 | 7 | 90 |
| പോത്തുണ്ടി | 4 | 4 | 1 | 2 | 100 |
| **ഒലവക്കോട് ഫൊറോന** | | | | | |
| ഒലവക്കോട് | 19 | 17 | 3 | 10 | 89 |
| ധോണി | 6 | 6 | 1 | 3 | 100 |
| സെന്റ് ജൂഡ് മലമ്പുഴ | 12 | 10 | 1 | 5 | 83 |
| സൗത്ത് മലമ്പുഴ | 1 | 1 | – | – | 100 |
| മരിയനഗർ മലമ്പുഴ | 4 | 4 | – | 4 | 100 |
| മൈലംപുള്ളി | 24 | 22 | 2 | 9 | 92 |
| ഞാറക്കോട് | 3 | 3 | 1 | 2 | 100 |
| പുലാപ്പറ്റ | 17 | 17 | 4 | 9 | 100 |
| മുണ്ടൂർ | 5 | 5 | – | 3 | 100 |





| | | | | | |
|---|---|---|---|---|---|
| **ഒറ്റപ്പാലം ഫൊറോന** | | | | | |
| ഒറ്റപ്പാലം | 13 | 11 | 2 | 2 | 85 |
| ആലങ്ങാട് | 8 | 5 | 1 | 2 | 63 |
| കടമ്പൂർ | 14 | 13 | 5 | 4 | 93 |
| കടമ്പഴിപ്പുറം | 11 | 10 | 2 | 4 | 91 |
| കേരളശ്ശേരി | 6 | 6 | 3 | 3 | 100 |
| കൂനത്തറ | 6 | 6 | – | 5 | 100 |
| കുളക്കാട്ടുകുറിശ്ശി | 6 | 5 | – | 5 | 83 |
| പാലപ്പുറം | 10 | 10 | 2 | 2 | 100 |
| പട്ടാമ്പി | 7 | 7 | – | 1 | 100 |
| ഷൊർണ്ണൂർ | 6 | 6 | 1 | 5 | 100 |
| മലയകം | 3 | 3 | 1 | 1 | 100 |
| **പാലക്കാട് ഫൊറോന** | | | | | |
| കത്തീഡ്രൽ | 19 | 19 | 5 | 10 | 100 |
| ചന്ദ്രനഗർ | 19 | 19 | 6 | 10 | 100 |
| കല്ലേക്കാട് | 5 | 5 | 1 | 2 | 100 |
| കല്ലേപ്പുള്ളി | 3 | 3 | – | 1 | 100 |
| കഞ്ചിക്കോട് | 7 | 7 | 4 | 1 | 100 |
| കൊടുന്തിരപ്പിള്ളി | 5 | 5 | 3 | 2 | 100 |
| കോട്ടായി | 1 | 1 | 1 | – | 100 |
| ടൗൺചർച്ച് | 9 | 9 | – | 3 | 100 |
| വാളയാർ | 4 | 4 | 2 | 2 | 100 |
| യാക്കര | 3 | 3 | – | 3 | 100 |
| അമ്പാട്ടുപാളയം | 4 | 4 | 1 | 1 | 100 |
| **പൊന്നകോട് ഫൊറോന** | | | | | |
| പൊന്നംകോട് | 30 | 29 | 3 | 15 | 97 |
| അരപ്പാറ | 5 | 5 | – | 2 | 100 |
| ചുള്ളിയാംകുളം | 11 | 11 | 2 | 7 | 100 |
| കല്ലടിക്കോട് | 12 | 11 | 4 | 4 | 92 |
| കാരാകുറുശ്ശി | 14 | 12 | 2 | 5 | 86 |
| കരിമ്പ | 14 | 13 | 2 | 6 | 93 |
| നിരവ് | 2 | 1 | – | 1 | 50 |
| പൊമ്പ്ര | 8 | 8 | 3 | 2 | 100 |
| **തത്തമംഗലം ഫൊറോന** | | | | | |
| തത്തമംഗലം | 4 | 4 | – | 2 | 100 |
| ചിറ്റൂർ | 6 | 6 | 2 | 3 | 100 |
| കൊല്ലങ്കോട് | 5 | 5 | 1 | 2 | 100 |
| കൊഴിഞ്ഞാമ്പാറ | 6 | 4 | 1 | – | 67 |
| പരുത്തിക്കാട് | 2 | 2 | – | – | 100 |

| | | | | | |
|---|---|---|---|---|---|
| കൊടുവായൂർ | 2 | 2 | – | 2 | 100 |
| **താവളം ഫൊറോന** | | | | | |
| താവളം | 19 | 19 | 4 | 7 | 100 |
| അഗളി | 9 | 9 | – | 7 | 100 |
| ചിറ്റൂർ | 3 | 3 | – | 2 | 100 |
| ജെല്ലിപ്പാറ | 33 | 33 | 9 | 20 | 100 |
| കാരറ | 10 | 10 | 3 | 6 | 100 |
| കോട്ടത്തറ | 13 | 13 | 2 | 8 | 100 |
| കുറവൻപാടി | 1 | 1 | – | – | 100 |
| പുലിയറ | 1 | 1 | 1 | – | 100 |
| ശാന്തിതടം | 2 | 2 | – | 2 | 100 |
| ഷോളയൂർ | 3 | 3 | – | 3 | 100 |
| ത്രിത്വമല | 16 | 15 | – | 9 | 94 |
| **വടക്കഞ്ചേരിഫൊറോന** | | | | | |
| വടക്കഞ്ചേരി | 37 | 37 | 18 | 15 | 100 |
| ആരോഗ്യപുരം | 24 | 24 | 1 | 14 | 100 |
| ജോസ്ഗിരി | 2 | 2 | – | 2 | 100 |
| സ്നേഹഗിരി | 2 | 2 | – | 1 | 100 |
| പാടൂർ | 2 | 2 | – | 2 | 100 |
| പാലക്കുഴി | 11 | 9 | 3 | 3 | 82 |
| പന്തലാംപാടം | 16 | 11 | 1 | 5 | 69 |
| രാജഗിരി | 14 | 14 | 6 | 8 | 100 |
| തച്ചനടി | 5 | 5 | – | 5 | 100 |
| വചനഗിരി | 4 | 4 | 1 | 2 | 100 |
| വാൽകുളമ്പ് | 1 | – | – | – | 0 |

**പരീക്ഷ എഴുതിയവർ 906** **പാസായവർ 865**

**ഡിസ്റ്റിംഗ്ഷൻ 198** **ഫസ്റ്റ് ക്ലാസ് 415**

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## ബൈബിൾ അപ്പോസ്തലേറ്റ്

Diocese of Palakkad

**ലോഗോസ് ക്വിസ് 2012**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 30-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 25-നും ആയിരിക്കും.

**പഠനഭാഗം**
പുറപ്പാട് 25-40, മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം





## സി. എൽ. സി

പുതിയ ഒരു അധ്യായനവർഷത്തിലേക്ക് പ്രവേശിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ആശംസകൾ നേരുന്നു. പുതിയ വർഷത്തിൽ, സി.എൽ.സിയുടെ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാനും, ഇലക്ഷൻ, കർമ്മപദ്ധതി രൂപീകരണം എന്നിവയ്ക്കുവേണ്ടിയുള്ള ചർച്ചകൾക്കായും സി.എൽ.സി എക്സിക്യൂട്ടീവ് യോഗം ഈ വരുന്ന മെയ് 26 ശനിയാഴ്ച രൂപതാ പാസ്റ്ററൽ സെന്ററിൽവച്ച് കൂടുന്നതായിരിക്കും. എല്ലായൂണിറ്റുകളിലെയും ആനിമേറ്റർമാർ, തീർച്ചയായും പ്രസ്തുത യോഗത്തിൽ പങ്കെടുക്കണമെന്ന് ഓർമപ്പെടുത്തുന്നു.

മെയ് ഒന്ന് തൊഴിലാളി മദ്ധ്യസ്ഥനായ വി.യൗസേപ്പിന്റെ തിരുനാ ളാണ് എല്ലാ സി.എൽ.സി അംഗങ്ങളും അന്നേ ദിവസം കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുകയും വേണം. പാലക്കാട് രൂപത മദ്ധ്യസ്ഥനായ വി.യൗസേപ്പിന്റെ മാതൃകയും അധ്വാനശീലവും ദൈവഭക്തിയും നമ്മളിലും ഉണ്ടായി ഫലം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**സന്ദേശം** : എനിക്ക് ആത്മാക്കളെ തരിക, ശേഷമെല്ലാം അങ്ങ് എടുത്തുകൊള്ളുക... സ്വന്തം കാര്യം നോക്കാതെ ആത്മാർത്ഥമായി ഈശോയുടെ താൽപര്യങ്ങൾക്കായി പരിശ്രമിക്കുന്ന കൂടുതൽ മിഷനറി മാരുണ്ടായിരുന്നെങ്കിൽ ലക്ഷക്കണക്കിന് ആളുകൾ മാനസാന്തരപ്പെടുമായിരുന്നു. (വി. ഫ്രാൻസീസ് സേവ്യർ)

**പഠനം** : മത്തായി 10:40:42
**പ്രവർത്തനം** : പ്രേഷിത ചൈതന്യം ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ പ്രചരിപ്പിക്കുക.

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ, സി.എൽ.സി.

## കെ. സി. വൈ. എം

**YEAST - Youth Empowerment and Spiritual Training Program**

കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും വളർച്ചയിൽ തങ്ങളുടെ പങ്കിനെക്കുറിച്ചും സഹകരണത്തെക്കുറിച്ചും യുവജനങ്ങളെ ബോധവാൻമാരാക്കുന്നതിന് വേണ്ടിയുള്ള പഠന പരിശീലനകളരി. ഇതിലൂടെ ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായ വളർച്ചയുടെ വിവിധ തലങ്ങളിൽ യുവജനങ്ങൾ എത്തുന്നു. യൂണിറ്റുകളിൽ നിന്നും

ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 50 പേർക്കുള്ള പഠനപരിശീലനകളരി എല്ലാ മാസാവസാന വെള്ളിയാഴ്ചകളിലും വൈകുന്നേരം 6 മണിക്ക് തുടങ്ങി ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. സഭാ വിജ്ഞാനീയം, വി. ബൈബിൾ, ധാർമ്മികത. സഭാനിയമം, സഭയുടെ സാമൂഹ്യ പഠനങ്ങൾ, യുവജന മനഃശാസ്ത്രം, നേതൃത്വപരിശീലനം, ആനുകാലികവിഷയ വിശകലനം തുടങ്ങിയ വിഷയങ്ങൾ യുവജനങ്ങളെ പഠിപ്പിക്കുന്നു. വിജയകരമായി പൂർത്തിയാക്കിവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു. ഓരോ യൂണിറ്റുകളിൽ നിന്നും രണ്ട് യുവാക്കൾക്കും രണ്ട് യുവതികൾക്കും മാത്രം അവസരം. മെയ് 25 ന് ഉദ്ഘാടനത്തോട് കൂടി ക്ലാസ്സുകൾ ആരംഭിക്കുന്നു.

**കരിയർ ഗയ്ഡൻസ് ക്ലാസ്**

പാലക്കാട് രൂപത കെ.സി.വൈ.എം ന്റെയും മതബോധനവിഭാഗത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്ലസ് ടു പരീക്ഷ കഴിഞ്ഞരിക്കുന്ന കുട്ടികൾക്കുവേണ്ടി കരിയർ ഗയ്ഡൻസ് ക്ലാസ് നടത്തുന്നു. ജോലി സാദ്ധ്യതയുള്ള കോഴ്സുകൾ, വിദ്യഭ്യാസലോണിന്റെ വിവരങ്ങൾ. ക്രസ്തീയ പരിശീലനം സുസാദ്ധ്യമാക്കുന്ന പഠനകേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങൾ, തുടങ്ങി പുതിയ ചുവടുവെപ്പിന് സഹായകമാകുന്ന അറിവുകൾ നല്കുന്ന ഈ സെമിനാർ, പ്ലസ് ടു പരീക്ഷ എഴുതിയിരിക്കുന്ന എല്ലാ കുട്ടികൾക്കു വേണ്ടിയാണ് ഒരുക്കിയിരുക്കുന്നത്. ക്ലാസ് രാവിലെ 9.30ന് തുടങ്ങി വൈകുന്നേരം 4.00 ന് അവസാനിക്കും. രജിസ്ട്രേഷൻ ഫീ ഉണ്ടായിരിക്കുന്നതല്ല. അവസരം പ്രയോജനപ്പെടുത്തുക.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.

## മാതൃസംഘം

| | | |
|---|---|---|
| മാതൃദിനാഘോഷം | - | മെയ് രണ്ടാം ഞായർ (മെയ് 13) |
| ധൂർത്തപുത്രന്റെ ഉപമ | - | അനുരഞ്ജനത്തിന്റെ വിവിധ തലങ്ങൾ |
| ഫൊറോന സെമിനാർ | - | മേലാർക്കോട് ഫൊറോന |
| | - | കയ്യെഴുത്തുപ്രതി എഡിറ്റോറിയൽ രൂപീകരണം |
| | - | അനുരഞ്ജന ക്ലിനിക് |
| കവിതാരചന മത്സരം | - | 30 മിനിറ്റു സമയം 16-20 വരികൾ, രൂപതാതലത്തിൽ |

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം





## ഫാമിലി അപ്പോസ്തലേറ്റ്

### പ്രീകാന കോഴ്സ്

**2012 മെയ് : 7, 8, 9, 10, 2012 ജൂൺ : 4, 5, 6, 7** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ജീവസമൃദ്ധി 2012.**

കേരള കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസിന്റെ നേതൃത്വത്തിൽ വലിയ കുടുംബങ്ങളെ ആദരിക്കുന്ന ഒരു യോഗം മെയ് 25-ാം തിയതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. 1990ലോ അതിനശേഷമോ വിവാഹിതരായ കുടംബങ്ങളിൽ നാലോ അതിലധികമോ മക്കളുള്ള ദമ്പതികളും, 1990നു മുമ്പോ 1980ലോ അതിനുശേഷമോ വിവാഹിതരായ കുടുംബങ്ങളിൽ അഞ്ചോ അതിൽ അധികമോ മക്കളുള്ള ദമ്പതികളെയാണ് പരിഗണിക്കുന്നത്. വിശദവിവരങ്ങൾ ബഹുമാനപ്പെട്ട വികാരിമാരെ നേരിട്ട് അറിയിക്കുന്നതായിരിക്കും.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

**ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

ഇടവകയിലെ കുടുംബയൂണിറ്റുകളിലെ ഭാരവാഹികളെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

a. രണ്ടു വർഷമാണ് ഭാരവാഹികളുടെ കാലാവധി
b. രൂപത, ഫൊറോന, യൂണിറ്റ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ആഗസ്റ്റ് 30 നു മുമ്പ് യൂണിറ്റുകളിൽ തിരഞ്ഞെടുപ്പ് നടത്തണം. നടത്തിയാലും ഇല്ലെങ്കിലും ആഗസ്റ്റ് 30 മുതലുള്ള ഭാരവാഹികൾ 2014 ആഗസ്റ്റ് വരെ ഭാരവാഹികളായിരിക്കും.
c. ഏകോപനസമിതി- ഇടവകയിലെ എല്ലാ യൂണിറ്റ് ഭാരവാഹികളെയും ഉൾപ്പെടുത്തിയുള്ള സമിതിയാണ് ഏകോപന സമിതി. ആഗസ്റ്റ് 30 നു മുമ്പായി ഈ സമിതി രൂപീകരിച്ചവരിൽ നിന്നും ഒരു ജനറൽ കൺവീനർ, രണ്ട് കൺവീനർമാർ എന്നിവരെയും തിരഞ്ഞെടുക്കണം.
d. ഫൊറോന സമിതി. ഇടവകകളിലെ എല്ലാ യുണിറ്റുകളിൽ നിന്നുമുള്ള ഓരോ പ്രതിനിധിയും ഏകോപനസമിതിയിലെ 3 കൺവീനർമാരും

ഉൾക്കൊള്ളുന്നതാണ് ഫൊറോന ജനറൽബോഡി. ഫൊറോന ജനറൽബോഡിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 5 ഭാരവാഹികളും ഓരോ ഇടവകയിൽ നിന്നുള്ള ജനറൽ കൺവീനറും ഉൾക്കൊള്ളുന്നതാണ് ഫൊറോന എക്സിക്യൂട്ടീവ് സമിതി.

e. രൂപതസമിതി. എല്ലാ ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ ചേരുന്നതാണ് രൂപതാ ജനറൽ ബോഡി. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ ഇതിൽ ഉണ്ടായിരിക്കും. രൂപതാ ജനറൽ ബോഡിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 5 ഭാരവാഹികളും എല്ലാ ഫൊറോന പ്രസിഡന്റുമാരും ഉൾകൊള്ളുന്നതാണ് രൂപതാ എക്സക്യൂട്ടീവ് ബോഡി.

**കുടുംബയോഗ ഭാരവാഹികളുടെ ഡയറക്ടറി**

നമ്മുടെ രൂപതയിലെ ഫൊറോന അടിസ്ഥാനത്തിൽ ഓരോ ഇടവകയിലെയും യൂണിറ്റുഭാരവാഹികൾ ഉൾപ്പെടെയുള്ളവരുടെ പേരും അഡ്രസ്സും സെപ്റ്റംബർ 31 നോടുകൂടി പ്രസിദ്ധീകരിക്കണമെന്ന് പദ്ധതിയുണ്ട്. 2014 വരെ ഉപയോഗിക്കാവുന്ന ഈ ഡയറക്ടറി ഭംഗിയായി ഇറക്കണമെങ്കിൽ ആഗസ്റ്റ് 30 നു മുമ്പായി യൂണിറ്റുകളിലെ തിരഞ്ഞെടുപ്പ് നടത്തി അറിയിക്കുമല്ലോ.

**താവളം ഫൊറോന ഏകദിന കൺവെൻഷൻ മെയ് 19 ശനി**

താവളം ഫൊറോനയിൽ 12 ഇടവകകളിൽ നിന്നുമായുള്ള 54 യൂണിറ്റുകളിലായി 270 ഭാരവാഹികളുണ്ട്. ഇവരെല്ലാവരും 19-ാം തിയതി ശനിയാഴ്ച സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ഒരുമിച്ചുകൂടുന്നു. നമ്മുടെ ഇടവകകളിലെ കുടുംബസമ്മേളനങ്ങൾ സജീവമാക്കാനുള്ള ഈ സംരംഭം വിജയിപ്പിക്കാൻ ഫൊറോനയിലെ എല്ലാ വികാരിമാരും ശ്രദ്ധിക്കുമല്ലോ. അഭിവന്ദ്യ പിതാവ് ഇവരെ അഭിസംബോധനചെയ്ത് സംസാരിക്കും. ഏപ്രിൽ 26-ാം തിയതി താവളത്തുവച്ചുകൂടിയ എക്സിക്യൂട്ടീവ് മീറ്റിംഗിൽ ഏകദിന സെമിനാറിന്റെ കൺവീനർമാരായി തോമസ് ആഞ്ഞിലിമൂട്ടിൽ, റെജി താനിക്കൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

**മേലാർക്കോട് - തത്തമംഗലം ഫൊറോന സംഗമം**

മേലാർക്കോട് തത്തമംഗലം ഫൊറോന എക്സിക്യൂട്ടീവ് ഏപ്രിൽ 22-ാം തിയതി കൊല്ലങ്കോട് വച്ച് ഒന്നിച്ചുകൂടി. മേലാർക്കോട് തത്തമംഗലം സംയുക്ത ഫൊറോന സംഗമത്തിന്റെ കൺവീനർമാരായി ആന്റണി താക്കോൽക്കാരൻ (കൊടുവായൂർ) പ്രജീഷ് (മേലാർക്കോട്) എന്നിവരെ തിരഞ്ഞെടുത്തു. രണ്ടു ഫൊറോനകളിലായി നാല്പ്പതോളം യൂണിറ്റുകളുണ്ട്. ഈ യൂണിറ്റുകളുടെ ഭാരവാഹികൾ ജൂൺ 9-ാം തിയതി ശനിയാഴ്ച കൊല്ലങ്കോട് പള്ളിയിൽ ഒരുമിച്ചുകൂടുന്നു.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബക്കൂട്ടായ്മ







# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| മെയ് | 6-11 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| മെയ് | 13-18 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മെയ് | 20-25 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മെയ് | 20-25 | യുവജനധ്യാനം<br>സെഹിയോൻ ടീം |
| മെയ് 27 - | ജൂൺ 1 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻസ്**

മെയ് 20 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും ഉച്ചകഴിഞ്ഞ് 2 മണിമുതൽ വൈകിട്ട് 5 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി. എസ്. എസ്. പി.

**SAFP അനുഗ്രഹ**

ലോക സാമ്പത്തിക ശക്തിയായി വളർന്നുകൊണ്ടിരിക്കുന്ന ഇന്ത്യയിലെ ദരിദ്രജനങ്ങളുടെ ഉന്നമനത്തിന് ഇന്ത്യൻ വിഭവസമാഹാരണം വളരെ അത്യന്താപേക്ഷിതമാണ്. കഷ്ടതയനുഭവിക്കുന്ന കുടുംബങ്ങളെ

സഹായിക്കുവാൻ സന്നദ്ധരായിട്ടുള്ള വ്യക്തികളെയും കുടുംബങ്ങളെയും സംഘടനകളെയും സ്ഥാപനങ്ങളെയും ഇന്ത്യയിൽ നിന്നുതന്നെകണ്ടെത്തി അവർ നൽകുന്ന സഹായധനം മുഴുവനായും അർഹരായ കുടുംബങ്ങൾക്ക് എത്തിച്ചുകൊടുത്ത് ആ കുടുംബങ്ങളുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിന് വേണ്ടി SAFP അനുഗ്രഹ എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നു. ഈ പദ്ധതി വഴി ഒരു കുടുംബത്തെ സഹായിക്കാൻ പ്രതിമാസം 800/ രൂപ അല്ലെങ്കിൽ പ്രതിവർഷം 9600/ രൂപ വീതം തുടർച്ചയായി 6 വർഷം നൽകിക്കൊണ്ട് ഏതൊരാൾക്കും ഈ പദ്ധതിയുടെ പങ്കാളിയാവാം.

**വൃക്ഷതൈകൾ-പ്രകൃതി സംരക്ഷണത്തിനും പണത്തിനും**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സീസണിലും വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നു. കഴിഞ്ഞവർഷങ്ങളിൽ ജില്ലയുടെ വിവിധ കാർഷിക മേഖലകളിൽ നിന്ന് ധാരാളം കർഷക വൃക്ഷതൈകൾക്ക് അപേക്ഷിച്ചിരുന്നു. 2012 ആഗസ്റ്റ് സെപ്തംബർ മാസങ്ങളിൽ, തേക്ക്, മഹാറാണി, വുഡ്, നെല്ലി, കണിക്കൊന്ന മുതലായ ഇനങ്ങളിൽപ്പെട്ട തൈകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന്, ആവശ്യക്കാർ ഉടനെ അടുത്തുള്ള പള്ളി മുഖേന എണ്ണം മെയ് 15 -ാം ന് മുമ്പായി പി.എസ്.എസ്.പി. ഓഫീസിൽ അറിയിക്കുവാൻ താത്പര്യപ്പെടുന്നു. വൈകികിട്ടുന്ന ആവശ്യക്കാരെ ഈ വർഷം പരിഗണിക്കുന്നതല്ല.

**കുടുബാദ്ധ്യതാസംഘങ്ങൾ (JLG) രൂപീകരിക്കുന്നു.**

പാലക്കാട് പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നബാർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന നാച്ചറൽ ഗ്രീൻ ഫാർമേഴ്സ് ക്ലബ്ബ് കർഷകർക്കായുള്ള കുടുബാദ്ധ്യസംഘങ്ങൾ (Joint Liability Group) രൂപീകരിക്കുന്നു. ഒരേ വിളകൃഷിചെയ്യുകയോ, ഒരേ സംരംഭത്തിലേർപ്പെട്ടിരിക്കുകയോ ചെയ്യുന്നവരും സമാന സാമൂഹ്യ-സാമ്പത്തിക നിലയിലുള്ളവരുമായ 4 മുതൽ 10 വരെ കർഷകരുടെ സംഘങ്ങളാണു രൂപീകരിക്കുന്നത്. താല്പര്യമുള്ള സംഘങ്ങൾക്ക് ബാങ്ക് ഓഫ് ഇൻഡ്യ മുഖേന കാർഷിക വായ്പയും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0491-2527784, 9446790234, 9447020395 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**ജില്ല വിമൻസ് ഫെഡ് മീറ്റിംഗ്.**

2-5-2012 ന് ബുധനാഴ്ച കാലത്ത് 11 മണിയ്ക്ക് PSSP യിൽ വച്ച് ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9.05.2012 | ബുധൻ | മണ്ണാർക്കാട് | പൊന്നങ്കോട് | 11.00 am |





| | | | | |
|---|---|---|---|---|
| 10.5.2012 | വ്യാഴം | ശ്രീകൃഷ്ണപുരം | കടമ്പൂർ | 11.00 am |
| 11.5.2012 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 02.00 pm |
| 14.5.2012 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11.00 am |
| 16.5.2012 | ബുധൻ | നെന്മാറ | നെന്മാറ | 11.00 am |
| 21.5.2012 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11.00 am |
| 23.5.2012 | ബുധൻ | ആലത്തൂർ | FCC വടക്കഞ്ചേരി | 11.00 am |

**റീജിയണൽ ഓഫീസ് ദിവസം**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.5.2012 | ചൊവ്വ | സാൻജോ ടവ്വർ | 10 am to 1 pm |
| 16.5.2012 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 11 am to 2 pm |
| 17.5.2012 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 11 am to 2 pm |
| 21.5.2012 | തിങ്കൾ | ഗൂളിക്കടവ് | 11 am to 2 pm |
| 23.5.2012 | ബുധൻ | FCC വടക്കഞ്ചേരി | 11 am to 2 pm |

**ചക്ക പരിശീലനം**

ചക്കകൊണ്ടുള്ള 15 തരം വിവിധ വിഭവങ്ങൾ ഉണ്ടാക്കുവാനുള്ള ഒരു ദിവസത്തെ പരിശീലനം മംഗലം ഡാമിൽ വച്ച് 12.5.2012 ന് ശനിയാഴ്ച കാലത്ത് 10 മണി വരെ നടത്തുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 100 രൂപ രജിസ്ട്രേഷൻ ഫീസോടുകൂടി PSSP യിൽ പേരു രജിസ്റ്റർ ചെയ്യുക.

**കുട നിർമ്മാണ പരിശീലനം**

കുട നിർമ്മിക്കുവാൻ (Two fold, Three fold ) ദിവസത്തെ പരിശീലനം വിവിധ സ്ഥലങ്ങളിൽ വച്ചു നടത്തുന്നു. പരിശീലനം ആവശ്യമുള്ളവർ PSSP യുമായി ബന്ധപ്പെടുക. 25 പേർ ഉള്ള സ്ഥലങ്ങളിൽ വന്നു പരിശീലനം നൽകുന്നതാണ്. 450 രൂപ ഫീസ് പഠിതാക്കൾ നിർമ്മിക്കുന്ന രണ്ടു കുടകൾ അവർക്ക് സൗജന്യമായി നൽകുന്നതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണന പരിശീലനം**

നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുല്പ്പന്നങ്ങൾ ഫിനോയിൽ, ഹാർപ്പിക്, ചന്ദനത്തിരി, തുള്ളിനീലം, പെയിൻ ബാം തുടങ്ങി 12 തരം ഉല്പന്നങ്ങളുടെ നിർമ്മാണം പരിശീലിപ്പിക്കുന്നു. മെയ് 30, 31 തിയ്യതികളിൽ പാലപ്പുറത്തുവച്ച് പരിശീലനം നൽകുന്നതാണ്. ഫീസ് 300 രൂപ. താല്പര്യമുള്ളവർ PSSP ഓഫീസിൽ ബന്ധപ്പെടുക.

**ജ്വല്ലറി മേക്കിംഗ് പരിശീലനം**

വിവിധതരം ഫാഷൻ ആഭരണങ്ങൾ നിർമ്മിക്കുവാനുള്ള 3 ദിവസത്തെ പരിശീലനം വിവിധ സ്ഥലങ്ങളിൽ വച്ച് PSSP നൽകുന്നു. 1200 രൂപ ഫീസ് നൽകി പഠിച്ച് ഉല്പാദന യൂണിറ്റ് ആരംഭിക്കുന്നവർക്കു വേണ്ടുന്ന സാങ്കേതിക സഹായങ്ങൾ PSSP നൽകുന്നു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

# കെ.എൽ.എം. പാലക്കാട്

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ചെറുകിടതോട്ടം തൊഴിലാളികളെയും (റബ്ബർതോട്ടം തൊഴിലാളികൾ) ഗാർഹികവേലക്കാരെയും (വീട്ടുജോലി) ക്ഷേമനിധിയിൽ ചേർക്കുന്നു. നമ്മുടെ രൂപതയിൽ ഈ ഫോറങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി 5.5.12 ശനി, ഉച്ചക്ക് 2.30ന് വടക്കഞ്ചേരി ലൂർദ്ദ് ഫൊറോന പള്ളി ഹാളിൽ വച്ച് സംസ്ഥാന സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു യോഗം ചേരുന്നു. പ്രസ്തുത യോഗത്തിലേക്ക് ഓരോ ഇടവകയിൽനിന്നും 2 പ്രതിനിധികളെ പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു.

**സുരക്ഷപദ്ധതി**

കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന സ്വാവലംബൻ എന്ന അസംഘടിതർക്കായുള്ള പെൻഷൻ സ്കീമും, LIC യുടെ ഒരു അപകട ഇൻഷ്യൂറൻസ് പദ്ധതിയും ചേർത്ത് KLM 'സുരക്ഷ' എന്ന പേരിൽ നടപ്പിലാക്കിവരുന്ന പദ്ധതിയിൽ നമ്മുടെ ജില്ലയിൽനിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം ചേർന്ന അത്രയും പേർക്ക് പദ്ധതിയിൽ അംഗത്വം ലഭിക്കുകയും 'PRAN' (Permanent Retirement Account Number) കാർഡ് ലഭിക്കുകയും ചെയ്തു.

അംഗങ്ങളുടെ സൗകര്യാർത്ഥം ഈ വർഷം മുതൽ 2 സ്ലാബുകളായി വിഹിതം അടയ്ക്കാവുന്നതാണ്

1. ഒരുമിച്ച് 1300 രൂപ അടയ്ക്കുന്നു.
2. രൂപ 500, 400, 400 എന്ന നിരക്കിൽ മൂന്ന് തവണകളായി അടയ്ക്കുന്നു.

പുതുതായി ചേരുന്നവർക്കും, ഈ വർഷം പുതുതായിചേരുന്ന അംഗങ്ങൾക്കും ഇവയിൽ ഒന്ന് സ്വീകരിക്കാവുന്നതാണ്.

**തയ്യൽ തൊഴിലാളി ക്ഷേമനിധി:**

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ തയ്യൽ തൊഴിലാളിക്ഷേമനിധിയിൽ പേർ രജിസ്റ്റർ ചെയ്തു ടെസ്റ്റ് പാസ്സായ എല്ലാവരുടെയും അംഗത്വ പാസ്സ് ബുക്ക് പി.എസ്.എസ്.പി. ഓഫീസിൽ ലഭിച്ചിരിക്കുന്നു. അംഗത്വം ലഭിച്ചവർ ബുക്ക് കരസ്ഥമാക്കുകയും, മുടങ്ങാതെ അംശാദായം (രൂപ 20) അടയ്ക്കുകയും ചെയ്യുമല്ലോ.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2012 മാർച്ച്**

29 – കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വൊക്കേഷൻ ക്യാമ്പിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

30 – പാസ്റ്ററൽ സെന്ററിൽ വിഷൻ ക്യാമ്പിൽ സംബന്ധിച്ച കുട്ടികൾക്ക് ക്ലാസ്സെടുത്തു.

31 – കല്ലേപ്പുള്ളി സെമിനാരിയിൽ അഞ്ചുപേർക്ക് ഡിക്കൻപട്ടവും മൂന്ന് പേർക്ക് ഹെവ്പ്പദിയാക്ന പട്ടവും ആറ് പേർക്ക് കറോയ പട്ടവും എട്ടുപേർക്ക് വൈദികവസ്ത്രവും നൽകി.

**2012 ഏപ്രിൽ**

1 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ ദൈവാലയത്തിൽ ഓശനയോടുബന്ധിച്ച് തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

2 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ ദൈവാലയത്തിൽ വൈദികരൊത്ത് സൈത്ത് വെഞ്ചിരിപ്പ് നടത്തി വി. കുർബാനയർപ്പിച്ചു.

3 – ചന്ദ്രനഗർ ഡിവൈൻ പ്രൊവിഡൻസ് കോൺവെന്റിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

4 – അരിമ്പൂർ ഇടവകയിൽ ബഹു. ജോസ് പൊൻമാണി അച്ചന്റെ മാതാവിന്റെ മൃതദേഹ സംസ്ക്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

– തൃശ്ശൂർ അമല ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

5 – പെസഹായോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

6 – കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖവെള്ളിയാഴ്ചയിലെ പീഡാനുഭവ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പരിഹാര പ്രദക്ഷിണത്തിൽ പങ്കെടുത്ത് സമാപനാശിർവ്വാദം നൽകി.

7 – കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖശനിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– ഹിമാചൽ പ്രദേശ് ചീഫ് ജസ്റ്റിസ് ശ്രീ കുര്യൻ ജോസഫ് അരമനയിലെത്തി പിതാവിനെ സന്ദർശിച്ചു.

8 – ഉയിർപ്പിതിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

10 – വള്ളിയോട് ഐ.ടി.സിയിൽ യുവജനങ്ങൾക്കായി നടത്തിയ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

11 – പാസ്റ്ററൽ സെന്ററിൽ വിഷൻ ക്യാമ്പിൽ സംബന്ധിച്ച കുട്ടികൾക്ക് ക്ലാസ്സെടുത്തു.

– മുണ്ടൂർ യുവക്ഷേത്രയിൽ പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

12 – മൈലംപുള്ളി ഹോളിഫാമിലി നൊവീഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

13 – പാസ്റ്ററൽ സെന്ററിൽ വിഷൻ ക്യാമ്പിൽ സംബന്ധിച്ച കുട്ടികൾക്ക് ക്ലാസ്സെടുത്തു.

– വടക്കഞ്ചേരി ദൈവദാൻ സെന്റർ സന്ദർശിച്ചു.

14 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– പുനർനിർമ്മിച്ച പരുത്തിക്കാട് സെന്റ് ആന്റണീസ് ദൈവാലയം വെഞ്ചരിച്ചു, വി. കുർബനയർപ്പിച്ചു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

15 – നിരവ് ഹോളിഫാമിലി ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– കരിമ്പ സി.എം.സി. നൊവിഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

16 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

17 – അരമനയിൽ ഫൊറോന വികാരിമാരുടെയും പ്രീസ്റ്റ് വെൽഫെയർ എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– പാലക്കാട് ജെയ്ക്രിസ്റ്റോ കോൺവെന്റിൽ വ്രതവാഗ്ദാന സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സിന് സന്ദേശം നൽകി.

– വള്ളിയോട് ഐ.ടി.സിയിൽ യുവജനങ്ങൾക്കായി നടത്തിയ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.





18 – തെങ്കര ഡൊമിനിക്കൻ നൊവീഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

– താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സിസ്റ്റേഴ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

– പാസ്റ്ററൽ സെന്ററിൽ വിഷൻ ക്യാമ്പിൽ സംബന്ധിച്ച കുട്ടികൾക്ക് ക്ലാസ്സെടുത്തു.

– മൈസൂർ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് തോമസ് വാഴപ്പിള്ളി അരമന സന്ദർശിച്ചു.

19 – പാലക്കാട് മേഴ്സി കോളേജ് ഓഡിറ്റോറിയത്തിൽ റവ. സി. മരിയെല്ല, റവ. സി. മദ്ലീവ, റവ. സി. മിൽബർഗാ, റവ. സി. സാവിയോ, റവ. സി. എഡ്വാർഡ്, റവ. സി. ഇൻകർനാത്ത എന്നിവരുടെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബനയർപ്പിച്ചു.

20 – പാലന ഹോസ്പിറ്റൽ ട്രസ്റ്റീസ് കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

21 – ജീസസ് യൂത്ത് ഇന്റർനാഷണൽ ബിഷപ്സ് കൾസൾട്ടേഷനിൽ സംബന്ധിക്കാൻ ദുബായിക്ക് പോയി.

26 – ദുബായിൽ നിന്നും മടങ്ങിയെത്തി

– ഈറോഡ് ഇടവകയിൽ ബഹു. ജോൺസൺ കട്ടിയക്കാരൻ അച്ചന്റെ പിതാവിന്റെ മൃതദേഹത്തിൽ ഒപ്പീസ് പാടി.

27 – അരമനയിൽവെച്ചു നടന്ന ധോണി ക്രിസ്റ്റഫർ ഐ.ടി.സിയെ സംബന്ധിച്ച മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

28 – മാങ്കുറുശ്ശി സെന്റ് പീറ്റേഴ്സ് ദൈവാലയത്തോട് ചേർന്ന് നിർമ്മിച്ച വൈദിക മന്ദിരവും പാരിഷ്ഹാളും വെഞ്ചരിച്ചു. കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– പറവട്ടാനി ഇടവകയിൽ ബഹു. ആന്റണി പെരുമാട്ടി അച്ചന്റെ മാതാവിന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

– വള്ളിയോട് ഐ.ടി.സിയിൽ യുവജനങ്ങൾക്കായി നടത്തിയ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.